
SOCIALIST DEMOCRATIC കലാലയ യൂണിയൻ 2021-22

ദേവമാതാ കലാലയ മാഗസിൻ 2021-22

# ക്law ചിത്രം



PATRON



**H.E. MAR JOSEPH KALLARANGATTU**
Bishop of Palai Diocese

MANAGER



Archpriest
**VERY. REV. DR. AUGUSTINE KOOTTIYANIYIL**

PRINCIPAL



**Dr. SUNIL C. MATHEW**

BURSAR



**REV. DR. JACOB PANDARAPARAMBIL**

VICE PRINCIPAL



**REV. FR. DINOY MATHEW KAVALAMMACKAL**


ARTS DAY

# Message from the Principal



ദേവമാതായുടെ യുവത്തുടിപ്പുകൾ ചായം ചാലിച്ച വർണ്ണചിത്രങ്ങളാണ് വരുംതാളുകളിൽ നിങ്ങളെ കാത്തിരിക്കുന്നത്. ജീവിതത്തെക്കുറിച്ചുള്ള സാർവ്വത്രികവീക്ഷണം പകർന്നുതരുന്നതിൽ കലയും സാഹിത്യവും വഹിക്കുന്ന പങ്ക് നിസ്തുലമാണ്. നേരിട്ട് അനുഭവിക്കാൻ സാധിക്കാത്ത ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും സ്പന്ദനങ്ങൾ ഹൃദയത്തിൽ ആവാഹിക്കുവാൻ അവ നമ്മെ സഹായിക്കുന്നു. മാനുഷികതയെ വളർത്തുന്നതിനും സർഗ്ഗാത്മകതയെ പ്രോത്സാഹിപ്പിക്കുന്നതിനും ഭാവനയെ ഉജ്ജ്വലിപ്പിക്കുന്നതിനും നല്ല വായനകൾ അത്യന്താപേക്ഷിതമാണ്. ഇത്തരമൊരു വായനാനുഭവത്തിനു കൂട്ടുവരാനാണ്, തങ്ങളുടെ സദ്ചിന്തകൾക്കു ചിറകു നൽകിക്കൊണ്ട് ദേവമാതായിലെ വിദ്യാർത്ഥികൾ 2021-22 അദ്ധ്യയന വർഷത്തെ കോളജ് മാഗസിൻ തയ്യാറാക്കിയത്. ഇതിന് നേതൃത്വം നൽകിയ മാഗസിൻ എഡിറ്റർക്കും മാർഗ്ഗനിർദ്ദേശകരായ അദ്ധ്യാപകർക്കും ചേർന്നുപ്രവർത്തിച്ച വിദ്യാർത്ഥികൾക്കും തങ്ങളുടെ രചനകൾകൊണ്ട് ഈ മാഗസിനെ സമ്പുഷ്ടമാക്കിയ വളർന്നുവരുന്ന പ്രതിഭകൾക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. ഈ മാഗസിന്റെ വായന നിങ്ങളെ കൂടുതൽ നന്മനിറഞ്ഞവരും ഹൃദയശുദ്ധിയുള്ളവരുമാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ആശംസകളോടെ

പ്രിൻസിപ്പാൾ

# College Union: 2022



Alan M. George
Chairman



Ann Merin Denny
Vice Chairperson



Amal Kamaraan
General Secretary



Arjun Pavithran
Magazine Editor



Abhinave S.
Art's Secretary



Archana Vijayan
UUC



Nandhu S.
UUC



Bibin P.B.
IInd P.G Representative



Resmi C.
IInd Year Representative




Karthik Rupesh
Ist DC Representative



Krupa Biju
Lady Repersentative

Anagha Binodkumar
Lady Repersentative



# Editorial Board



**Dr Ciby Kurian**
Staff Editor



**Arjun Pavithran**
Student Editor



**Dr. Jobin Jose**



**Anju B**



**Dr. Sr. Fancy Paul**



**Akash Prasad**
B.A. Economics
Sub Editor



**Sandra A.M.**
B.Com Taxation
Sub Editor



**Aneena Thomas**
B.A. English
Sub Editor

# Editor's Note



താഴ്‌വാരങ്ങളിലെ ചിതൽപ്പുറ്റുകളിൽനിന്ന്
ഈയലുകൾ പറക്കുന്നു,
എത്ര രസകരം!
ജീവന്റെ ചെറുകണികയിൽനിന്ന് പരിണമിച്ച് വീണ്ടുംവീണ്ടും
ഇഴഞ്ഞ് അവ ചിറകുകൾ വീശി പറക്കുന്നു
മൺപുറ്റിൽനിന്ന് പ്രതീക്ഷയോടെ ഓരോ വട്ടവും പറക്കുന്നു.
കുട്ടിയുടെ പ്രതീക്ഷയേറി.
ഞൊടിയിടകൊണ്ട് ചിറകുകൾ അറ്റുവീഴുന്നു.
അവപോലും അറിയാതെ ആരൊക്കെയോ അവറ്റയുടെ ഗതി
നിയന്ത്രിക്കുന്നു, ജീവിതം വരയ്ക്കുന്നു!
ജനാലയിൽ ചാരിനിന്ന കുട്ടിയെ അമ്മ നിർബന്ധിച്ച്
കൂട്ടിക്കൊണ്ടു പോകുന്നു
കണ്ണെഴുതുന്നു, കുറിതൊടുന്നു.
ഓരോവട്ടവും അവൻ കുസൃതി കാട്ടാതിരിക്കാൻ
കൈകാലുകൾ കൂട്ടിപ്പിടിക്കുന്നു.
ശേഷം, സ്വതന്ത്രനാക്കുന്നു
അവൻപോലുമറിയാതെ.
കണ്ണാടിയിൽ നോക്കുമ്പോൾ അവൻ സുന്ദരനാണെന്നു തോന്നുന്നു.
യാഥാസ്ഥിതികതയുടെ സൗന്ദര്യം ...
വിശ്വാസത്തിന്റെ അടയാളങ്ങൾ ...
ഈയലുകളെപ്പോലെ പരിണാമത്തിന്റെ ചിറകുകൾ
ജീവിച്ചു തുടങ്ങുംമുന്നെ അറുത്തു മാറ്റപ്പെട്ടതുപോലെ
അവൻ നിശ്ശബ്ദനാവുന്നു.
സ്നേഹിക്കുവാനും കൂട്ടുകൂടുവാനും ഈ മുഖവും
സൗന്ദര്യവും വേണമെന്ന് അവനോട് അമ്മ പറഞ്ഞതുപോലെ
സ്കൂളിലേക്കുള്ള വഴിയിൽ അവൻ നരബലി കണ്ടു ....
അന്ധവിശ്വാസത്തിന്റെ മതിലുകൾ കണ്ടു
ഭരണകൂടത്തിനെതിരേ പോരടിക്കുന്ന കറുത്തവരെ കണ്ടു
വിദ്യാർത്ഥികളെ കണ്ടു
കെവിനെയും ഷാരോണിനെയും കണ്ടു
പക്ഷേ, അവനാരെയും മനസ്സിലായില്ല.
അവനിൽനിന്നാരോ പരിണാമം അറുത്തെടുത്തിരിക്കുന്നു.
യഥാസ്ഥിതികതയുടെയും വിശ്വാസത്തിന്റെയും
നിഗൂഢവിരലുകൾ അവനിലെ വിവേകത്തിന്റെയും, ജീവന്റെയും ചിറകുകൾ അറുത്തെടുത്തിരിക്കുന്നു.
അവനു വേണ്ടിയാണ് ഞങ്ങൾ എഴുതുന്നത്
കാലോചിതമായ അവന്റെ പിറവിക്കുവേണ്ടി, മാറ്റത്തിനുവേണ്ടി.
അവൻ ഞാനുമാകാം നീയുമാകാം; പക്ഷേ, നമുക്കു മാറിയേ മതിയാവൂ...

# LOVE IS LOVE

**Devayani Babu**
I[st] DC B.Sc Zoology

Here we have to discuss about the importance of LGBTQIA community?

Now we can elaborate the term LGBTQIA

1. LESBIANS - Women who shows romantic and sexual affinity towards women.
2. GAY- Men who shows romantic and sexual affinity towards men.
3. BISEXUAL - People who are sexually attracted not exclusively to people of one particular gender; attracted to both men and women.
4. TRANS GENDER - An umbrella term denoting or relating to a person whose sense of personal identity and gender does not correspond with their birth sex.
5. QUEER–This umbrella term includes people who have non binary( people whose gender identity doesn't sit comfortably with man or women)

Gender - fluid or gender non- conforming identities. Once considered a pejorative term, queer has been reclaimed by some LGBTQI An+ people to describe themselves. However, it is not a universally accepted term even within the LGBTQIA+ community.

6. QUESTIONING – This term describes someone who's questioning their sexual orientation or gender identity. Sometimes, when Q is seen at the end of LGBT, it can also mean questioning.
7. INTER SEX – An adjective used to describe a person with one or more innate sex characteristics, including genitals, internal reproductive organs, and chromosomes, that fall outside of traditional conceptions of male and female bodies. Inter sex people are assigned a sex at birth - either male or female and that decision by medical providers and parents may not match the gender identity of the child. Not all inter sex folks identify as being part of the LGBTQIA + community.
8. ASEXUAL – This means a person who does not experience sexual attraction. Asexual; and a romantic meaning they experience little to no romantic attraction and or has little to no desire to form romantic relationships

We cannot guarantee a person's gender is going to be the same throughout their life. People have the right to chose their own gender. They have the right to explore their sexuality throughout their life.

In the 21st century many people around the globe is exploring their sexuality, undergoing surgeries to attain their choice of sexuality. Many People in the world used to believe being a part of LGBTQIA+ is a curse. They were excluded from the box of things that the society considered as "Normal.'' People refused to get out of their shell and to be open minded. Regard less of the gender and sexuality we all come under the same tree. As year go by many people started to become open minded and people outside the community also started to raise their voice with them.

''So,it's not easy to suffer and survive, everybody deserves Love''

Each color in the rainbow flag represents each value in the community:

**1. PINK: Sexuality**
**2. RED: Life**
**3. Orange: Healing**
**4. Yellow: The sun**
**5. GREEN: Nature**

6. BLUE: Art

**7.INDIGO: Harmony**

**8.Violet: Spirit**




***LGBTQIA history dates backs to the first recorded instance of same-sex love and -sexuality of ancient civilizations involving the history of lesbian, gay, bisexual and trans gender people and cultures around the world. What survives after many centuries of persecution resulting in shame?***

***In 1994, the annual observance of LGBTQIA+ history month began in the United states, and it has since been picked up in other countries. This observance involves highlighting the history of people. In the United Kingdom it has been observed during February since 2005. A celebrated achievement in LGBTQIA+ history occurred when queen Beatrix signed a law-making Netherlands the first county to legalize same sex marriage.***

***The Pride Month is celebrated every June as a tribute to those who were involved in the stonewall riots. As a sub holiday during pride month the pride day is celebratedon-June28.The Day marks the date in history when the first pride march was held in New York city in 1970.***

***However, different communities celebrate pride day on different days throughout June.***

***The stone wall movement is related to the pride month on a hot summer night in New York onJune28,1969policeraidedthestonewallinn, a gay club in Greenwich village, which resulted in bar patrons, staff, and neighborhood residents rioting on to Christopher street outside. Among many leaders of the riots was black, trans, bisexual, woman, leading the movement to continue over six days with protests and clashes. The message was clear, protest or demanded the establishment of places where LGBTQ+ people could go and be open about their sexual orientation without fear of arrest. The mother of the pride is known as“BRENDA HOWARD.” She conducted gay pride week and a liberation day parade a year after stonewall riots.***

***India have been evolving rapidly in recent years. How ever Indian LGBTQ citizens may face social and legal difficulties not experienced by non -LGBTQIA+ persons.***

***Even if Article 15 of the constitution prohibits discrimination on the basis of sexual orientation and gender identity,many legal protections is not exercised such as same sex marriage,etc..***

***Trans gender people in India are allowed to change their legal gender through post sex reassignment surgery under legislation passed in 2019 and also can register a third gender.***

***As a result of the strong political movements in favor of LGBTQIA+rights, people are more accepting of same sex relationships, with around three out of four Indians***

***Supporting them according to an opinion poll. In2010***

***LGBTQA+ in India increasingly gained tolerance and acceptance, especially in large cities.***

*However, Kerala has been at the forefront of LGBTQIA+ in India after Tamilnadu. It became one of the first state in India to establish a welfare policy for the trans gender community in 2016.*

*By the uprising of the LGBTQIA+community the same sex marriage was held in Kerala. Nikesh and Sonu are the first married gay couple from Kerala who got married in 2019.*

*Nived and Abdul are the secondopenly married couple in state.*

*Sruthy and Daya, Kerala's first Lesbian-trans couple and recently Adhila and Fathima, Kerala's first lesbian couple.*

*We have to make some things to support these peoples. Five things that support the LGBTQIA +community:*

1. *Post space signs*
2. *Start an LGBTQIA+ organization in our society*
3. *Stand up against homophobia*
4. *Integrate LGBTQIA+ topics into the curriculum*
5. *Pursue professional development.*

*People around the world face violence and inequality and sometimes get tortured because of who they love,how they look or what they are. Sexual orientation and gender identity are integral aspects of ourselves and should never lead to discrimination or abuse. Human rights works for lesbian, gay, bisexual and trans gender People's rights, and with activists representing a multiplicity of identities and issues. We document and expose abuse based on sexual orientation and gender identity - worldwide, including torture, killing, and executions, arrests under unjust laws, unequal treatments, censorship, medical abuses, discrimination in health, jobs, housing, domestic violence, abuse against children and denial family rights and recognition. We advocate for laws and policies that will protect everyone's dignity. We work for a world where all people can enjoy their life fully.*

*So, we can see how discriminate our world was against something different. People tend to hate the things that is different yet they call the same thing's boring. In this complicated society there will be people who will judge you for being you. But don't let them scare you there's nothing wrong with being different and just don't be ashamed of what you are and what you love because in the end love is always love no matter what.*

*In this society there are lot of films and other*

*platforms that talks a lot about LGBTQ+ Community. As we already know films play a significant role in our society and it talks about various important subjects. There are many great works that represent the LGBTQ community. Some of them are:*

1. *Badhaai Do (2022, Hindi)*
2. *Shubh Mangal Zyada Saavadhan (2020, Hindi)*
3. *New Normal (2022, Malayalam)*
4. *Sisak (2019, Hindi) India's first silent LGBTQ love story*
5. *The Imitation Game(2014,English) Story of*

*Mathematician Alan Turing.*

*The positive portrayal or increased presence of the LGBTQIA+communities inmediahasserved-toincrease acceptance and support for LGBTQIA+ communities, establish LGBTQIA+ communities and provide information on the topic.*

*Every people in the world deserves love & love has no gender "The pride is for every one We are here, We are Queer, Born this way."*



## യൂണിയൻ തിരഞ്ഞെടുപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള കോളജുകളിലേക്കുള്ള തിരഞ്ഞെടുപ്പ് 2022 മാർച്ചു മാസം 15-ാം തീയതി നടന്നു. രാവിലെ 9.30 മുതൽ 11.15 വരെ ക്ലാസ് റപ്രസെന്റേറ്റീവ്സിനായുള്ള ഇലക്ഷനും അതുകഴിഞ്ഞ് 3.00-4.30 വരെ പാനലുകളിലേക്കുള്ള തിരഞ്ഞെടുപ്പും നടന്നു. അതിൽ താഴെപ്പറയുന്ന വിദ്യാർത്ഥികൾ തിരഞ്ഞെടുക്കപ്പെടുകയുണ്ടായി.

ചെയർമാൻ - അലൻ എം. ജോർജ്
വൈസ് ചെയർപേഴ്സൺ-ആൻ മെറിൻ ഡെന്നി
ജനറൽ സെക്രട്ടറി-അമൽ കമറാൻ
ആർട്ട്സ് ക്ലബ് സെക്രട്ടറി-അഭിനവ് എസ്
മാഗസിൻ എഡിറ്റർ-അർജുൻ പവിത്രൻ
യുയുസി(1)-നന്ദു എസ്
യുയുസി (2)-അർച്ചന വിജയൻ
ലേഡി റെപ്രസന്റേറ്റീവ്(1)-കൃപ ബിജു
ലേഡി റെപ്രസന്റേറ്റീവ്(2)- അനഘ ബിനോദ് കുമാർ
ഫസ്റ്റ് ഡി.സി. റെപ്പ്-കാർത്തിക രൂപേഷ്
സെക്കന്റ് ഡി.സി റെപ്പ്-രേഷ്മി സി
സെക്കന്റ് പി.ജി. റെപ്പ്-ബിബിൻ പി.ബി.

സുവോളജി അധ്യാപിക ഡോ. പ്രിയ ജോസഫ്, കൊമേഴ്സ് വിഭാഗം അധ്യാപകൻ ശ്രീ റെന്നി എ. ജോർജ് എന്നിവരെ യൂണിയൻ അഡ്വൈസർമാരെ (അലൻ എം ജോർജിന്റെ കീഴിൽ) നിയോഗിച്ചു.

## സത്യപ്രതിജ്ഞ

ദേവമാതാ കോളജിലെ 2022 ലെ യൂണിയൻ 2022 മാർച്ചുമാസം 22-ാം തീയതി സത്യപ്രതിജ്ഞ ചെയ്തു അധികാരത്തിലേറി. ഇലക്ഷൻ റിട്ടേണിംഗ് ഓഫീസർ ഡോ. ജെയ്സൺ പി. ജേക്കബ് അധ്യക്ഷനായ ചടങ്ങിൽ കോളജ് പ്രിൻസിപ്പൽ ഡോ. സുനിൽ സി. മാത്യു സത്യവാചകം ചൊല്ലിക്കൊടുത്തു. യൂണിയൻ അഡ്വൈസർമാരായ ഡോ. റെന്നി എ ജോർജ്, ഡോ. പ്രിയ ജോസഫ് എന്നിവർ ആശംസകളേകി.

കോളജിന്റെയും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഉന്നമനത്തിനായി അച്ചടക്കത്തോടെ പ്രവർത്തനങ്ങൾ നടത്തുമെന്നും വേർതിരിവുകൾ ഒന്നുമില്ലാതെ എല്ലാ വിദ്യാർത്ഥികളോടും ഒരുപോലെ പെരുമാറുമെന്നും യൂണിയൻ അംഗങ്ങൾ പ്രതിജ്ഞ ചെയ്തു. ചടങ്ങിന് കോളജ് യൂണിയൻ ചെയർമാൻ നന്ദി രേഖപ്പെടുത്തി.

## COLLEGE ARTS DAY FOURTHWALL

പാഠ്യവിഷയങ്ങളിലെ മികവിനോടൊപ്പം വിദ്യാർത്ഥികളുടെ കലാപരമായ വാസനകൾക്കും ചിന്തകൾക്കും പ്രോത്സാഹനമായി നമ്മുടെ കോളജിലെ യുവജനോത്സവം മാർച്ച് 22, 23 തീയതികളിൽ നടന്നു. 22-ന് രാവിലെ ലളിതമായ ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. സുനിൽ സി. മാത്യു, ആർട്ട്സ് ക്ലബ് സെക്രട്ടറി അഭിനവ്, ആർട്ട്സ് അഡ്വൈസേഴ്സ് ഡോ. സിബി കുര്യൻ സാർ, ചെയർമാൻ അലൻ എം. ജോർജ്, ജനറൽ സെക്രട്ടറി അമൽ കമറാൻ എന്നിവർ ചേർന്നു ദീപം തെളിയിച്ച് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു.

നാലു വേദികളിലായി മത്സരങ്ങൾ അരങ്ങേറിയപ്പോൾ നാനൂറോളം വിദ്യാർത്ഥികളാണ് ഇതിൽ മാറ്റുരച്ചത്. തുടർന്നുള്ള ദിവസങ്ങളിലെ നോൺ സ്റ്റേജ് മത്സരങ്ങളിലും വിദ്യാർത്ഥികളുടെ സജീവപങ്കാളിത്തം ദൃശ്യമായി. ഓവറോൾ പോയിന്റുകളുടെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ് വിഭാഗം കലാകിരീടം സ്വന്തമാക്കി. അവസാന മത്സരഫലംവരെയും ഇവരുടെ വിജയഭേരി അലയടിച്ചു. പോരാട്ടത്തിൽ മലയാളവിഭാഗം രണ്ടാമതെത്തി. ഫിസിക്സ്, കോമേഴ്സ്, കെമിസ്ട്രി, ട്രിപ്പിൾ മെയിൻ എന്നീ ഡിപ്പാർട്ടുമെന്റുകളിലെ വിദ്യാർത്ഥികളും ഒപ്പമെത്തി. പാഠ്യസമയത്തെ ഒട്ടും ബാധിക്കാതെ രാവിലെയും വൈകിട്ടുമായി ക്രിക്കറ്റ്, ഫുട്ബോൾ, ബാസ്കറ്റ്ബോൾ തുടങ്ങിയ മത്സരങ്ങൾ ഡിപ്പോർട്ടുമെന്റ് അടിസ്ഥാനത്തിൽ നടത്തി. ആദ്യമായി ഇവ ഓരോന്നിനും എവർറോളിംഗ് ട്രോഫിയും ഏർപ്പെടുത്തി വിപുലമായി സംഘടിപ്പിക്കാൻ ഈ അധ്യായനവർഷത്തെ യൂണിയനു സാധിച്ചു. ക്രിക്കറ്റ് മത്സരത്തിൽ ബികോം സെൽഫ് ഡിപ്പാർട്ടുമെന്റ് വിജയിച്ചു.

ഫുട്ബോൾ മത്സരത്തിൽ ഫിസിക്സ് ഡിപ്പാർട്ട്മെന്റും ബാസ്കറ്റ് ബോൾ മത്സരത്തിൽ ബി.കോം സെൽഫ് ഡിപ്പാർട്ടുമെന്റും കപ്പുയർത്തി. ഈ മത്സരങ്ങൾ ഡിപ്പാർട്ടുമെന്റ് പട്ടികയിൽ ശ്രദ്ധേയമായ ചലനമുണ്ടാക്കി.

## UNION INAUGURATION SOCIALIST DEMOCRATIC

**കലാലയയൂണിയൻ 2021 –22**

കുറവിലങ്ങാട് ദേവമാതാ കോളജ് യൂണിയൻ പ്രവർത്തനോദ്ഘാടനം 2022 മാർച്ച് 30-ാം തീയതി നടന്നു. കോളജ് പൂർവ്വവിദ്യാർത്ഥിയും സിനി ആർട്ടിസ്റ്റുമായ പ്രശാന്ത് മുരളി ദീപം കൊളുത്തി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. യൂണിയൻ ചെയർമാൻ അലൻ എം ജോർജ് അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് ചെയർപേഴ്സൺ ആൻ മെറിൻ ഡെന്നി സ്വാഗതം പറഞ്ഞു. കോളജ് പ്രിൻസിപ്പൽ ഡോ. സുനിൽ സി. മാത്യു സാർ ആമുഖ പ്രഭാഷണം നടത്തി.

യൂണിയൻ അഡ്വൈസറായ റെന്നി എം. ജോർജ് ആശംസകൾ നേർന്നു. യൂണിയൻ ജനറൽ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു മാഗസിൻ എഡിറ്റർ കൃതജ്ഞത രേഖപ്പെടുത്തി. തുടർന്നു വിദ്യാർത്ഥികളുടെ കലാപരിപാടികൾ നടന്നു.

## INTER-DEPARTMENT GAMES

ആരോഗ്യപരമായ കായികസംസ്കാരം ക്യാമ്പസിൽ വളർത്തിയെടുക്കുവാൻ ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെ വിവിധ പാഠ്യമത്സരയിനങ്ങൾ വിദ്യാർത്ഥികൾക്കായി നടത്തി. പാഠ്യസമയത്തെ ഒട്ടും ബാധികാതെ രാവിലെയും വൈകിട്ടുമായി ക്രിക്കറ്റ്, ഫുട്ട്ബോൾ, ബാസ്കറ്റ്ബോൾ തുടങ്ങിയ മത്സരങ്ങൾ ഡിപ്പാർട്ട്മെന്റ് അടിസ്ഥാനത്തിൽ നടത്തി. ആദ്യമായി ഇവ ഓരോന്നിനും എവർറോളിംഗ് ട്രോഫിയും ഏർപ്പെടുത്തി. വിപുലമായി സംഘടിപ്പിക്കാൻ ഈ അദ്യായന വർഷത്തെ യൂണിയനു സാധിച്ചു. ക്രിക്കറ്റ് മത്സരത്തിൽ ബി. കോം സെൽഫ് ഡിപ്പാർട്ടുമെന്റ് വിജയികളായി. ഫുട്ബോൾ മത്സരത്തിൽ ഫിസിക്സ് ഡിപ്പാർട്ടുമെന്റ് കപ്പുയർത്തി. ബാസ്കറ്റ് ബോൾ മത്സരത്തിൽ ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റ് വിജയികളായപ്പോൾ ബി. കോം സെൽഫ് റണ്ണേഴ്സ് ആയി. ബാഡ്മിന്റൺ മത്സരത്തിൽ ബി. കോം സെൽഫ് ഡിപ്പാർട്ടുമെന്റ് കപ്പുയർത്തി.

## എം.ജി. യൂണിവേഴ്സിറ്റി കലോത്സവം – WAKEUP CALL 2 K 22

കോളജ് യുവജനോത്സവത്തിന്റെ അടുത്ത തലം എന്ന നിലയ്ക്ക് നമ്മുടെ കോളജിലെ വിദ്യാർത്ഥികളുടെ കലാവാസനകൾ പ്രകടിപ്പിക്കാനുള്ള ഏറ്റവും മികച്ച വേദിയായി ഈ വർഷത്തെ യൂണിവേഴ്സ്റ്റി കലോത്സവം തീർന്നു. നമ്മുടെ കോളജിൽനിന്നു വ്യത്യസ്ത ഇനങ്ങളിൽ ഒന്നാം സമ്മാനത്തിനർഹരായ മുഴുവൻ കുട്ടികളും യൂണിവേഴ്സിറ്റി കലോത്സവത്തിൽ പങ്കെടുത്തു. പത്തനംതിട്ടയിൽ നടന്ന കലോത്സവത്തിൽ ദേവമാതാ കോളജിൽനിന്ന് കഴിഞ്ഞ തവണത്തെക്കാൾ കൂടുതൽ ആളുകളെ പങ്കെടുപ്പിക്കാൻ ആർട്ട്സ് ക്ലബ് സെക്രട്ടറിയായ അഭിനവ് എസിനും ആർട്ട്സ് അഡ്വൈസറായ സുബിൻസാറിനും മറ്റു യൂണിയൻ ഭാരവാഹികൾക്കും സാധിച്ചിട്ടുണ്ട്. ആർട്ട്സ് ക്ലബ് സെക്രട്ടറി അഭിനവ് എസിന്റെ കൂടെ യുണിയൻ ഭാരവാഹികളായ ചെയർമാൻ, വൈസ് ചെയർപേഴ്സൺ, ജനറൽ സെക്രട്ടറി, മാഗസിൻ എഡിറ്റർ, യു.യു.സി. എന്നിവർ തോളോടുതോൾ ചേർന്നു പ്രവർത്തിച്ചു. 17 എ ഗ്രേഡുകൾ ദേവമാതായിലെ കുട്ടികൾ നേടി. ജിതിൻ ദേവ് ആർ ചെറുകഥാ മത്സരത്തിൽ (മലയാളം) ഒന്നാം സ്ഥാനവും അഭിനവ് എസ് wind instruments (Eastern) മത്സരത്തിൽ രണ്ടാംസ്ഥാനവും കരസ്ഥമാക്കി. ആരോൺ വിജയ് percussion instruments (Westrn) മത്സരത്തിൽ രണ്ടാംസ്ഥാനവും അഞ്ജലി പ്രിയ ജോയ് കവിതാമത്സരത്തിൽ (മലയാളം) മൂന്നാംസ്ഥാനവും നേടി.

മുൻ വർഷങ്ങളെ അപേക്ഷിച്ച് ഒരുപാടു മുന്നേറാൻ നമ്മുടെ കോളജിനു സാധിച്ചു. ഓരോ മത്സരവേദിയിലും യൂണിയൻ അംഗങ്ങളുടെ സാന്നിധ്യം മത്സരാത്ഥികൾക്ക് ഏറെ ആത്മവിശ്വാസം പകർന്നു.




# JUNE – JULY 2022 NSS PROGRAMMES

**RESUMING OF MISS A MEAL SCHEME**

**2/6/2022**

NSS unit of Devamatha College Kuravilangad had selected an old age home for miss a meal scheme. Due to covid -19 this programme was postponed. First programme of NSS volunteers was to resume this scheme. 35food packets were collected from NSS volunteers and were given to Manjoor Mariyan Sainyam. This scheme will conduct on every Thursday .

**WORLD ENVIORNMENT DAYCELEBRATION**

**3/6/2022**

NSS unit of Devamatha College had started the celebration of world Environment day. A one week programme was organized by NSS programme officers and volunteers. The first programme was giving message about the importance of environment at college and school. Volunteers who gave message to students were selected floor leaders and volunteer secretaries. After that our next programme was giving tree saplings to the HOD's of each department. This programme was performed under the supervision of floor leaders. The last programme of the day was giving study materials to the school students. It was collected from the college students.

**4/6/2022**

In the connection with world Environment day celebration NSS unit of Devamatha College distributed vegetable seedlings to the adopted village. Ward 1 of Kuravilangad Grama Panchayath was the adopted village. Inauguration of grow bag farming and distribution of vegetable seedlings to the adopted village were inaugurated by Parvathy R Nair Kozha Krishi officer. Presidential address were given by Dr. Sunil C Mathew Principal of Devamatha College. Felicitations were given by panchayath member Vinu V Kurian, Program officers Dr. Ancy Sebastian and Reneesh Thomas. Vegetable seedlings were distributed to the adopted village by NSS volunteers.

**6/6/2022FLASHMOB**

NSS volunteers of Devamatha College performed flash mob for creating awareness about environment. They performed it infront of the college campus and Kuravilangad bus stand. 16 volunteers took part in the flashmob. This activity saw by a good number of people at both places. It was appreciated by several citizens. Through the flash mob volunteers described the harm the environment being subjected to and the need to conserve it for the future.The performance took place in the college campus at 1.00 pm and in the bus stand at 3.15 pm.They convey the message to the people.

**7/6/2022**

**SEMINAR ON ENVIRONMENTAL LAWS**

NSS unit of Devamatha College Kuravilangad had conducted Legal awareness seminar on environmental laws. It was organized by NSS unit and Meenachil Taluk legal service committee in collaboration with Department of Commerce. Seminar was conducted by Adv. Manoj George. Welcome speech was given by NSS programme officer Mr. Reneesh Thomas. Presidential address was given by Dr. Sunil C. Mathew Principal of Devamatha College. The seminar was inaugurated by I.Q.A.C Coordinator Mr. Aneesh Thomas. Felicitation was given by MEC Kila Mrs. Jessamma John. It was an amazing class by Adv. Manoj George. He gave awareness about environment and environmental laws. Vote of thanks was given by Dr. Ancy Sebastian NSS programme officer.

**8/6/2022**


NSS unit of Devamatha College had announced 2nd ward of Kadaplamattom Grama Panchayath as second adopted village. Celebration of environment day was conducted on June 8 at Kadaplamattom. Several programme were organized by NSS programme officers and volunteers. Distribution of vegetable seedlings, collection of soil samples for soil testing, environment day message were conducted in the presence of ward member and Krishi Officers. Welcome speech was given by Dr. Ancy Sebastian and vote of thanks by NSS volunteer secretary Anagha Binod Kumar. The programme was inaugurated by ward member Sasidharan and presidential address was given by Krishi Officer Shiny Cherian. Assistant Krishi Officer Gopakumar gave instructions about soil testing. Felicitations were given by programme officer Reneesh Thomas and volunteer secretary Sony James. Around 50 volunteers participated in this program.

**14/6/2022**

**SEMINAR ON LEGAL AWARENESS**

NSS unit of Devamatha conducted a seminar on Legal Awareness. This programme was organized by NSS unit and Meenachil Taluk Legal Service Committee in collaboration with English Department. Welcome speech was given by Ms. Sandra Like s Sebastian Assistant professor of English department. Presidential address was given by Rev. Fr. Dinoy Mathew Kavalammakkal Vice Principal of Devamatha College. The programme was inaugurated by Dr. Jaison P Jacob by giving books of Legal studies to NSS volunteer secretary Anagha Binod Kumar. The class was conducted by Adv. P Rajesh Kumar. He








gave awareness about Laws on motor vehicles and road safety rules. It was an amazing class. Vote of thanks was given by NSS volunteer secretary Anagha Binod Kumar.

**18/6/2022**

**Yoga Protocol Demonstration**

The NSS unit of Devamatha College and the Department of Physical Education jointly organized Yoga Protocol Demonstration. This programme was conducted by Dr. Jobin Jose Co-ordinator of the yoga club. Several NSS volunteers participated in this programme. It was conducted in the Presence of NSS Program Officers Dr. Ancy Sebastian, Reneesh Thomas and Praseedha Mathew Physical Department HOD. Yoga is the basic of a healthy life. This programme gave awareness about the importance of yoga in life.

**21/6/2022**

**Surya Namaskar Competition**

In the connection with international Yoga Day NSS unit of Devamatha, Devamatha Yoga Center and Physical Education Department jointly organized Surya Namaskar competition for the college students. Several NSS volunteers participated in this competition.

**LEGAL AWARENESS SEMINAR**

**ANTI – RAGGING LAWS**

NSS unit of Devmatha college Kuravilangad and Meenachil Taluk Legal Service Committee in collaboration with Department of Economics conducted a legal service seminar about anti ragging laws. The class was conducted by Adv. K. Ravi Kumar. This was an amazing class.

**24/6/2022**

**“മാതൃകാ പച്ചക്കറിത്തോട്ടം”**

NSS unit of Devamatha College, Kadaplamattom Krishi Office and SKV Govt. U P school Elackad jointly organized a programme “മാതൃകാ പച്ചക്കറിത്തോട്ടം”. This activity takes place at Kadaplamattom. A scheme to provide free vegetables for the students. It was conducted in the presence of Kadaplamattom 2nd ward member Mr. Sasidaran and Krishi Officer Mrs.Shiny Cherian.



# മതവിഷയം



അഗസ്റ്റിൻ പോൾ

IIIrd B.Com,
Co-Opraction

കണക്കുപുസ്തകത്തിലെ
'എക്സ്'നും 'വൈ'യ്ക്കും
മതമില്ലായിരുന്നു.
രസതന്ത്രക്ലാസ്സിൽ അധ്യാപിക
പറഞ്ഞു, എല്ലാ മൃതശരീരവും
തന്മാത്രയായി വായുവിൽ
കലരുമെന്ന്.
അതു ശ്വസിക്കുമ്പോഴും
മനുഷ്യനു മതമില്ലായിരുന്നു.
ഭാഷാധ്യാപകർ പറഞ്ഞ
കഥകളിലും പഠിച്ച കവിതകളിലും
മതത്തിന്റെ വേർതിരിവ് ഇല്ലായിരുന്നു.
ചരിത്രാധ്യാപകർ പഠിപ്പിച്ച
പാഠങ്ങളിലും ഐക്യത്തിൻ
ഉറപ്പായിരുന്നു രത്നച്ചുരുക്കം
കലാകായികാധ്യാപകരും
ഒന്നിച്ചുനിന്നു നേടുവാൻ
പരിശീലിപ്പിച്ചു.
ജീവശാസ്ത്രാധ്യാപിക
പറഞ്ഞുതന്നതും
ജീവചക്രത്തിൽ ഏവർക്കും
തുല്യപ്രാധാന്യമെന്നായിരുന്നു
എല്ലാം പഠിച്ച് ജേതാവായി
ജീവിതമെന്ന കലാശാലയിലെത്തിയപ്പോൾ
മനുഷ്യനു മതമുണ്ടായി.
ഉയർന്ന മതം
താഴ്ന്ന മതം
രണ്ടു മതത്തിലും ഉയർന്നവരും
താഴ്ന്നവരും ഉണ്ടായി.
ഭൗതികശാസ്ത്രത്തിലെ
പോസിറ്റീവും നെഗറ്റീവും
ചേർന്നാലേ ഊർജ്ജം
ഉണ്ടാവൂ എന്ന പാഠം മുഴുവൻ
പഠിക്കാൻ മറന്നതു കൊണ്ടാവും
പോസിറ്റീവും നെഗറ്റീവും
ഉണ്ടെന്നു മാത്രമേ പഠിച്ചുള്ളൂ
ചേരാൻ പഠിച്ചില്ല.



# നക്ഷത്രക്കണ്ണുള്ള മാലാഖമാർ

**Nirosha Joseph**
**Asst. Prof. Commerce (S.F)**

ആരിതിലാർദ്രമായ് എഴുതുന്ന കാവ്യം
നിർമ്മാല്യം തൊഴുംപോൽ നിർമ്മലകാവ്യം
സ്നേഹമായ്, അരുമയായ് ശ്രുതിചേർക്കവേ
ഹൃദയത്തിൽ ആഴത്തിലിടറിവീണ കാവും
അരുതെന്നു തേങ്ങുന്ന കണ്ണുനീർത്തുള്ളിയിൽ
ഭയമെന്നുപോലും ഭയമായോതിയ മൊഴിയിൽ
വെറുതെയെങ്കിലും നീ ഒന്നു കാതോർത്തുവെങ്കിൽ,
ഒരിക്കലീ കുഞ്ഞുപൂവും അടരാതെയിരുന്നെങ്കിലോ,
ഹേ നിഷാദാ, നിൻ മോഹവാടിയിൽ,
പൂവിട്ട പൂക്കളെ നീ കാത്തനേരം
ഓർത്തില്ലേ, നീ ഈ കടുത്തവാടിയും
ഏതോ പാലകൻ പ്രിയമായ് പാലിച്ചതെന്ന്
ഇന്നാ പൂവിനായ് നീണ്ട നിൻ കൈകൾ
ഇനിയെന്നോ നിൻ പൂവിനായ് വരില്ലെന്നാരറിഞ്ഞു.
ആരുടേതായ് തിരിയും ഈ കൈകളിൽനിന്ന്
കൂർത്ത നഖമേകും ക്ഷതമൊന്നുപോലല്ലേ
തലോടലിൻ തണുപ്പേകും കരംതന്നെയല്ലേ,
തനുനീറും നോവിൻ പോറലുമേകുന്നത്.
എനിക്കും നിനക്കുമിനിയാർക്കുമാവില്ല
വിടരുന്ന കുസുമത്തിൻ ദളമൂർത്തി വീഴ്ത്തുവാൻ,
വളമായ്, വെള്ളമായ്, സൂര്യനായ് മാറി
നിധിയായ് കാക്കുവാൻ കടമില്ലേയെന്നും
ഒരുപക്ഷേ, നിൻ മിഴിയിലിപ്പൂവന്യമായ്ത്തീരുമ്പോൾ,
ഓർക്കണം നിനക്കുമൊരു പൂവാടി സ്വന്തം
നീണ്ട നഖവും കൂർത്ത പല്ലും കാമക്കണ്ണും
നിന്നിൽ മാത്രമായ് അവസാനിക്കയില്ലയെന്നും
നീ മാത്രമല്ലീ പാപത്തിനന്ത്യമെന്നും.



# അക്കാദമിക് ഫാമുകൾ ആവുന്ന ക്യാമ്പസുകൾ

**നന്ദു എസ്.** Ist MA Malayalam

ഒരുകാലത്തു സർഗ്ഗപ്രതിഭകളുടെയും സ്വാതന്ത്ര്യത്തിന്റെയും സർഗാത്മകതയുടെയും ഈറ്റില്ലമായിരുന്നു ക്യാമ്പസ്സുകൾ, ചർച്ചകളും സംവാദങ്ങളും വാദപ്രതിവാദങ്ങളും ഏറ്റുമുട്ടിയിരുന്ന വേദികൾ. പുത്തൻസൗഹൃദങ്ങളുടെയും പുതുപുത്തൻ പ്രണയങ്ങളുടെയും കേന്ദ്രമായിരുന്ന ക്യാമ്പസ്. സൗഹൃദത്തിലെ സമത്വത്തെക്കുറിച്ചും പ്രണയത്തിലെ ജനാധിപത്യത്തെക്കുറിച്ചും ഉറച്ച ബോധ്യമുണ്ടായിരുന്ന തലമുറയുടെ ക്യാമ്പസ്. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയവേദികളിലേക്കു പ്രതിഭകളെ സംഭാവന ചെയ്തിരുന്ന ക്യാമ്പസുകൾ.

തപ്പുകൊട്ടുകൊണ്ടും താളംപിടിക്കലുകൊണ്ടും സജീവമായിരുന്ന കോളജ് ക്യാന്റീനുകൾ. സൊറപറഞ്ഞിരുന്ന നാനാദിക്കുകൾ. പ്രണയങ്ങളും പ്രേമകടാക്ഷങ്ങളും പൂത്തുലഞ്ഞിരുന്ന മരച്ചുവടുകളും പ്രണയകോണുകളും. ലിംഗവ്യത്യാസമില്ലാതെ തോളോടുതോൾ ചേർന്നിരുന്ന കൗമാര-യൗവ്വനങ്ങൾ. നിശ്ശബ്ദതകൊണ്ടു പ്രതിരോധിച്ച് ആശയങ്ങളാൽ പടവെട്ടി സംവാദങ്ങൾ ഉടലെടുക്കുന്ന വായനശാലകൾ. എന്നാൽ, ഇതെല്ലാം ഒരു കാലഘട്ടത്തിന്റെ തിരുശേഷിപ്പുകളായി അവശേഷിക്കുന്നു.

അക്കാദമിക് കാര്യങ്ങൾ മാത്രം നിറവേറ്റാനുള്ള ഒരു 'ബ്രോയിലർ' ഫാമായി നമ്മുടെ ക്യാമ്പസുകൾ മാറിയിരിക്കുന്നു. 'Students Friends Camps' ക്യാമ്പസിലെ കയ്യെഴുത്തു ബോർഡുകളിൽ മാത്രം കാണാൻ പറ്റുന്ന ഒന്ന്. ഇന്നേവരെ കണ്ടിട്ടില്ലാത്തവിധം മതബോധവും സ്വത്വവാദവും ആളിക്കത്തുന്ന ക്ലാസ് മുറികൾ.

ഒരു പരിധിക്കപ്പുറം വിദ്യാർത്ഥികളുടെ കാര്യങ്ങളിൽ ഇടപെടാൻ കഴിയാതെ നിസ്സഹായരായി നിൽക്കുന്ന ഒരു ചെറുകൂട്ടം അധ്യാപകസമൂഹം സദാചാരബോധകഴുകൻകണ്ണുകൾ വട്ടമിട്ടു പറക്കുന്ന ക്യാമ്പസ് ഇടനാഴികൾ. വിദ്യാർത്ഥിസംഘടനാബോധത്തെയും കൊടിതോരണങ്ങളെയും ഭയന്ന് തീണ്ടാപ്പാടകലെ ആട്ടിയകറ്റിനിർത്തുന്ന അരാഷ്ട്രീയ അധികൃതവർഗങ്ങൾ, ചലനശേഷിയും ശബ്ദശേഷിയും പ്രതികരണശേഷിയും ഇഴകീറി തല്ലിച്ചതച്ച് ഇല്ലാതാക്കി വിദ്യാർത്ഥികളെ ഉത്പാദിപ്പിച്ചെടുക്കുന്ന കലാശാലകൾ. ഇരിപ്പിടങ്ങളിലെ സ്വകാര്യതയെ തകർക്കുന്ന ഡിജിറ്റൽ കണ്ണുകൾ എല്ലാം ഇന്നത്തെ പരിതാപകാഴ്ചകളാണ്.

ചിട്ടയില്ലാത്ത സെമസ്റ്റർസമ്പ്രദായംകൊണ്ടു ശ്വാസംമുട്ടുന്ന കാലത്ത് ആശ്വാസമാവേണ്ട ക്യാമ്പസ് പ്രോഗ്രാമുകൾ വെട്ടിച്ചുരുക്കി വഴിപാടു കഴിക്കൽ മാത്രമാക്കുന്നു. ക്യാമ്പസുകൾ അക്കാദമിക്ഫാമുകൾ ആവുന്നതിന്റെ പരിണിതഫലങ്ങൾ നമുക്കുമുന്നിൽ ദൃശ്യമായിത്തുടങ്ങിയിരിക്കുന്നു. പ്രമുഖ കോളേജിലെ പ്രണയകൊലപാതകവും ക്യാമ്പസുകളായ ക്യാമ്പസുകളിലെല്ലാം പെറ്റുപെരുകുന്ന ആത്മഹത്യകളും എം.ഡി.എംപോലുള്ള മാരക ലഹരിപദാർത്ഥങ്ങളാണ് ഏക ആശ്വാസമെന്നു കരുതുന്ന വിദ്യാർത്ഥിസമൂഹവും എല്ലാം ഇതിന്റെ നേർച്ചിത്രമാണ്.

മാറ്റേണ്ടതിനെ മാറ്റുകതന്നെ ചെയ്യണം. വ്യവസ്ഥിതികളോടു ചോദ്യം ചെയ്യുന്ന വിദ്യാർത്ഥിസമൂഹം ഉയർന്നുവരേണ്ട സമയം അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു.

"നിങ്ങൾ രാഷ്ട്രീയത്തിൽ ഇടപെട്ടില്ലെങ്കിൽ രാഷ്ട്രീയം നിങ്ങളിലിടപെടും."

വ്ളാഡിമിർ ലെനിന്റെ ഈ വാചകത്തിന് ഇന്നത്തെ സമൂഹത്തിന്റെ വജ്രമുനയുടെ തിളക്കമുണ്ട്.



# കാമ്പസുകളിലെ വിദ്യാർത്ഥിരാഷ്ട്രീയം

**Alex Saju**
IInd DC BA Tripplemain

കേരളത്തിലെ ഭൂരിഭാഗം ക്യാമ്പസുകളിലും സംഘടനാസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. വിദ്യാർത്ഥിസംഘടനകൾക്ക് അവരുടെ കാമ്പസിനകത്തു പ്രവർത്തിക്കുവാനുള്ള സാഹചര്യം ഇല്ലാതെയായി. രാഷ്ട്രീയം സംസാരിച്ചുകൊണ്ടിരുന്ന പല കാമ്പസ് വേദികളിലും ഇപ്പോൾ കാണാനാവുന്നത് അരാഷ്ട്രീയം സംസാരിക്കുന്നവരെയാണ്.

വിദ്യാർത്ഥികൾക്ക് എന്തിനാണു രാഷ്ട്രീയം? അവർ പഠിക്കാനല്ലേ കാമ്പസിൽ വരുന്നത് എന്ന ചോദ്യം പലരും ചോദിക്കുന്നു. തീർച്ചയായും, ക്യാമ്പസിൽ വരുന്നത് പഠിക്കാൻതന്നെയാണ്. എന്നാൽ, അതോടൊപ്പംതന്നെ അവരുടെ പഠനമേഖലകളിൽ അവർക്കു നിഷേധിക്കപ്പെടുന്ന അവകാശങ്ങൾ നേടിയെടുക്കാനും തെറ്റിനെതിരേ വിരൽ ചൂണ്ടാനും തങ്ങളുടെ ഇടയിൽ സാമ്പത്തികമായും ശാരീരികമായും ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കുവേണ്ടി നിലകൊള്ളാനും കൂടിയുള്ളതാണ് ഈ കാലഘട്ടം.

കൃത്യമായ രാഷ്ട്രീയബോധ്യമുള്ള ഒരു വിദ്യാർത്ഥിക്കു മാത്രമേ ഇതിനുവേണ്ടി നിലകൊള്ളാനാകൂ.

രാജ്യത്തിന്റെ ഐക്യത്തെ സാരമായി ബാധിച്ചിരുന്ന സി.എ.എ./എൻ.ആർ.സി. വിഷയങ്ങളിൽ ഇരകൾക്ക് ഒപ്പം നിന്നത് ഈ നാട്ടിലെ വിദ്യാർത്ഥിസംഘടനകളായിരുന്നു. മതപരമായ വേർതിരിവുകൾ ഈ നാട്ടിൽ അലയടിച്ചപ്പോൾ ഞങ്ങൾ വർഗ്ഗീയതയ്ക്കെതിരാണെന്ന് ഉറക്കെപ്പറഞ്ഞുകൊണ്ട് വർഗ്ഗീയവാദികൾക്കു മുന്നിൽ മഹാപ്രതിരോധത്തിന്റെ മതിൽ തീർത്തു മുന്നിൽനിന്നത് ഈ നാട്ടിലെ വിദ്യാർത്ഥികളാണ്. അതിന് അവരെ നയിച്ചത് അവരുടെ കൃത്യമായ രാഷ്ട്രീയമാണ്. വിദ്യാർത്ഥികളുടെ രാഷ്ട്രീയബോധത്തെ ചെറുപ്പംമുതലേ തല്ലിക്കെടുത്തുന്നതുവഴി അവരുടെ പ്രതികരിക്കാനുള്ള കഴിവുകൂടിയാണ് ഇല്ലാതെയാകുന്നത്. കേരളത്തിലെ കാമ്പസുകൾ രാഷ്ട്രീയം സംസാരിക്കുന്ന വേദികൾ ആവട്ടെയെന്നും അതുവഴി അനീതികൾക്കെതിരേ ശബ്ദിക്കുന്ന ഒരു വിദ്യാർത്ഥിസമൂഹം ഉയർന്നുവരട്ടെയെന്നും പ്രത്യാശിക്കുന്നു.





# മൂല്യാധിഷ്ഠിതവിദ്യാഭ്യാസം കാലോചിതം, പ്രായോഗികം



AJIN THOMAS
2nd M.Sc Chemistry




സാങ്കേതികമായും സാമ്പത്തികമായും ശാസ്ത്രീയമായും ഉയരങ്ങളിൽനിന്ന് ഉയരങ്ങളിലേക്കു വളർന്നുകൊണ്ടിരിക്കുന്ന ലോകം അതിന്റെ ഉള്ളിൽ എവിടെയോ ഒരു മഹാശൂന്യത അനുഭവിക്കുന്നു. എവിടെയോ ഒരുഇരുട്ട്.പകരംവയ്ക്കാനാവാത്തഎന്തോഒന്ന്നഷ്ടപ്പെട്ടിരിക്കുന്നു.

എന്താണു സംഭവിക്കുന്നത്?

ഓരോ കുഞ്ഞും വളരുകയാണ്. അവനു മാനംമുട്ടെ വളരാനുള്ള മാർഗങ്ങളാണ് മാതാപിതാക്കളും ഗുരുക്കന്മാരും കൊടുത്തുകൊണ്ടിരിക്കുന്നത്. എന്നാൽ, അത് സുരക്ഷിതത്വവും ഉയർന്ന ശമ്പളവുമുള്ള ജോലി നോക്കാനും സാമ്പത്തികമായി ഉയരാനും മാത്രമുള്ള മാർഗ്ഗങ്ങളായി മാറിയിരിക്കുന്നു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം കാലോചിതമല്ലെന്നും പ്രായോഗികമല്ലെന്നും പറഞ്ഞു പരിഹസിക്കുന്ന കാലം.

അപ്പനും അമ്മയും മകനുമടങ്ങുന്ന ഒരു കുടുംബം. മാതാപിതാക്കൾ ദീർഘയാത്രയ്ക്കു പുറപ്പെടുകയാണ്. പുറപ്പെടാൻ നേരത്ത് അവർ മകനെ അരികിൽ വിളിച്ചു പറഞ്ഞു: 'മോനേ, നീ വീട് നന്നായി നോക്കിക്കൊള്ളണം, പ്രത്യേകിച്ച് നമ്മുടെ പൂന്തോട്ടം. ഞങ്ങൾ എത്ര നന്നായിട്ടാണ് അവ പരിപാലിച്ചതെന്ന് നിനക്കറിയാമല്ലോ. അതുകൊണ്ട് കുറച്ചുദിവസത്തേക്ക് ഈ ചെടികളൊക്കെ പരിപാലിക്കേണ്ടത് നീയാണ്.'

താനിതെല്ലാം നന്നായി നോക്കിക്കൊള്ളാമെന്നും സന്തോഷമായി പൊയ്ക്കൊള്ളാനും ആ മകൻ മാതാപിതാക്കളോടു പറഞ്ഞു.

മകന്റെ വാക്കുകൾ വിശ്വസിച്ചു യാത്ര പുറപ്പെട്ട ദമ്പതികൾ തിരികെയെത്തിയപ്പോൾ കണ്ടത് വാടിക്കരിഞ്ഞു നിൽക്കുന്ന ചെടികളാണ്.

മകൻ പറഞ്ഞു: ഞാനിതെല്ലാം നന്നായി പരിപാലിച്ചു. പക്ഷേ, എല്ലാം കരിഞ്ഞുപോയി. എന്നും രാവിലെ ഞാൻ തുണികൊണ്ട് ചെടികളുടെ ഇലയും തണ്ടും തുടച്ചു വൃത്തിയാക്കി. കായ്കളൊക്കെ ഞാൻ പോളീഷ് ചെയ്തു. പൂവുകൾക്ക് നല്ല വാസന ലഭിക്കാൻ സുഗന്ധദ്രവ്യങ്ങൾ പുരട്ടി. പക്ഷേ, ഒന്നും പ്രയോജനപ്പെട്ടില്ല.

മാതാപിതാക്കൾ അവനെ അടുത്തുവിളിച്ച് ചേർത്തുനിർത്തി ചോദിച്ചു: 'നീ എന്നെങ്കിലും ഈ ചെടികൾക്കു വെള്ളം ഒഴിച്ചുകൊടുത്തോ?'

ഇല്ലെന്ന് അവൻ മറുപടി നല്കി.

''മകനെ, വേരുകളാണു പ്രധാനം അവയ്ക്കു വെള്ളമൊഴിച്ചുകൊടുത്ത് സംരക്ഷിച്ചിരുന്നെങ്കിൽ ഇലയും പൂവും കായ്കളുമൊക്കെ ഒരു വെയിലത്തും വാടാതെ നില്ക്കുമായിരുന്നു. വേരുകൾ നഷ്ടപ്പെട്ടാൽ ചെടികളുടെ ജീവനാണു നഷ്ടപ്പെടുന്നത്.''

നമ്മുടെ വിദ്യാഭ്യാസമേഖലയിലും സംഭവിക്കുന്നത് ഇതാണ്. പുറമെ കാണുന്ന ഇലകളിലും പൂവുകളിലും മാത്രമാണ് അധ്യാപകരുടെയും മാതാപിതാക്കളുടെയുമൊക്കെ ശ്രദ്ധ. മണ്ണിനടിയിൽ അദൃശ്യമായിക്കിടക്കുന്നവേരുകൾഇല്ലാതാവുന്നത്കാണുന്നില്ല.ശാസ്ത്രത്തിലും വിവരസാങ്കേതികവിദ്യയിലുമൊക്കെ മുന്നേറുന്ന വിദ്യാർത്ഥികൾ പലപ്പോഴും സമൂഹത്തിനു വിലപ്പെട്ടവരായി മാറുന്നില്ല. കാരണം, തന്നോടല്ലാതെ മറ്റാരോടും യാതൊരു കടപ്പാടുമില്ലാത്തവരായി ജീവിക്കുന്ന പുതിയ സൃഷ്ടവസ്തുക്കളായി അവർ മാറിക്കൊണ്ടിരിക്കുകയാണ്.

പണവും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളുമൊക്കെ ഉണ്ടാക്കുന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്നു കരുതുന്ന ആധുനിക തലമുറ, പുരാതന ഇന്ത്യയിൽ വിദ്യാഭ്യാസം തുടങ്ങുമ്പോൾ ഗുരു ശിഷ്യനു പറഞ്ഞു കൊടുത്ത വാക്കുകൾ മനഃപാഠമാക്കണം.

''നിന്റെ സ്വഭാവം തിരിച്ചറിയേണ്ടത്, നല്ല ചെയ്തികൾകൊണ്ടാണ്. വാക്കിലും, പ്രവൃത്തിയിലും ചിന്തയിലുമുള്ള സത്യസന്ധതപുലർത്തിക്കൊണ്ട്,നിസ്വാർത്ഥവുംധാർമ്മികവുമായപ്രവൃത്തികൾകൊണ്ട്,ആത്മനിയന്ത്രണവുംപക്വതയും കൊണ്ട്, സ്വതന്ത്രവും പ്രസന്നവുമായ ഹൃദയത്തോടെ ദൈനംദിനജോലികൾ ചെയ്തുകൊണ്ട്, നന്മയുടെ പാതയിൽനിന്നു വ്യതിചലിക്കാതെ, മഹത്തായതിനെ ആദരിച്ചു ജീവിക്കുമ്പോൾ നിന്റെ സ്വഭാവം ലോകം തിരിച്ചറിയട്ടെ.'' ഓരോ വിദ്യാർത്ഥിയും ഈ വാക്കുകൾ മനസ്സിൽ ഉരുവിടട്ടെ.

# മരണം



ANUJA PREM
2nd M.Sc chemistry

പതിവില്ലാതെ
മുറ്റമൊരാൾക്കൂട്ടം
കണികണ്ടുണരുന്നു.
പുലർച്ചയിലെ താളങ്ങൾ
തൂവുന്ന അടുക്കളച്ചായ്പും
നിശ്ശബ്ദമാകുന്നു.
പകലറിയാതെ ചുറ്റും
ചന്ദനത്തിരി ഗന്ധം
പരക്കുന്നു.
കത്തിജ്വലിക്കുന്ന
നിലവിളക്കിൻ
മുൻപിലായാരോ
വെള്ളപുതച്ചു കിടക്കുന്നു.
തെക്കേമുറ്റത്തതാ
അഗ്നിശുദ്ധി
വരുത്താനൊരുങ്ങി
ഒരു അമ്മമാവും നിലംപതിക്കുന്നു.
കാലം തെറ്റി കണ്ണുകളിൽ
തുലാവർഷം പെയ്തിറങ്ങുന്നു.
ദിശയറിയാതെ പാതിയെ തിരയുന്ന കൈകൾ
ശൂന്യതയെ പുണരുന്നു.
വീണ്ടും മരണം മനസ്സുകളെ
ആലിംഗനം ചെയ്യുന്നു.
കോലം മാറി പേക്കൂത്താടി കാലമിങ്ങനെ
ചോദ്യമാവുന്നു.



# സ്വാതന്ത്ര്യം മരണമാകുമ്പോൾ




Elizabath Jose
Ist B.Sc Zoology

യൗവ്വനത്തുടുപ്പിൽ സ്വാതന്ത്ര്യം
ദുർവിനിയോഗിക്കുന്നെൻ കൂട്ടരേ
അറിയുന്നില്ല, നിങ്ങളറിയുന്നില്ല
മറഞ്ഞിരിക്കുന്ന കഴുകൻ കണ്ണുകൾ.
സ്വാതന്ത്ര്യംതേടി ഇറങ്ങുന്ന എൻ കൂട്ടരേ
എവിടെ അവസാനിക്കുന്നു നിൻ ജീവിതം?
എവിടെ പൊലിയുന്നു നിൻ സ്വപ്നം?
സ്വാതന്ത്ര്യംതേടി നീ അലയുമ്പോൾ
എന്തേ അറിയുന്നില്ല, നിന്നെ
സ്നേഹിക്കുന്നോരുടെ കണ്ണുനീർ?
ഓർമിക്കണം നീ,
നിന്നെ വളർത്തിയ മാതാപിതാക്കളെ,
ഗുരുജനങ്ങളെ എന്നുമോർത്തീടേണം.
മറഞ്ഞിരിക്കുന്ന നിന്റെ 'ദേവന്മാർ'
നിന്റെ ചോര ഊറ്റിയെടുക്കും
നിന്റെ യൗവ്വനം കൈക്കലാക്കും
ഒടുവിൽ നിന്റെ 'സ്വാതന്ത്ര്യം'
മരണമെന്ന മൂന്ന് അക്ഷരത്തിനുള്ളിൽ
പൊലിയുന്നു ജീവിതങ്ങൾ
മരണമെന്ന സത്യത്തിനുള്ളിൽ

അരുതേ, അരുതേ എൻ കൂട്ടരേ
വീഴരുതേ, തളരരുതേ
നിന്നെ വേണം ഈ ഭൂമിക്ക്
നീയുമുൾക്കൊണ്ടതാണ് ഈ
ഐശ്വര്യഭൂമി
കേൾക്ക നീ
പൊരുതണം, ജയിക്കണം
നിനക്കെതിരായ തിന്മകളെ നീ.



# THE FOUR STAGES



**Devayani Babu**
I[st] B.Sc Zoology

Life, a miracle to deep to fathom and Each
man adds to the cosmic beat
Human life passing through four stages
It is a cyclic round.
Starting with childhood skipping through
Youth and middle age and
Ending with crippling old age
It seems like the seasons of the year
Each stage is contrasting followed
By different traits
Childhood brings indelible memories,
Never ending happiness
Suddenly youth warpes our childhood
It's the time for work.
Middle-age it is the time when passions are tempered.
Old-age the final stage the sudden transformation
From sweet to rest.
We overcome from this four stages
Thus life is rise, shine, bloom, and
Fade away
In between the birth and death, a soul
Concluded with these stages.
Peoples leave a trace everywhere a mark for
their existence.
Whatever we make in the end became useless.
Leave this earth with blissful memories.
Live a life with no more regrets, embrace
Your life no matter sweet or bitter
Find happiness in a single thing around you
Make peace and harmony with others
Go find the inner enchanterness of the nature
Feel the sky, rain, sunrise, sunset moon,
Seashore and the glimpse of the earth.
Set the faith and love towards yourself
Put a smile on your face and live
A remarkable life.
Sure, we wake to sleep and sleep to wake
And the cycle goes on and on relentless!

-

# ഇരുണ്ട മുറിവുകൾ



**Anjitha Davis**
IInd
M.Sc Physics

സ്നേഹമെന്നു പറഞ്ഞാൽപ്പോരാ, പ്രണയംതന്നെയായിരുന്നു. ആത്മാവിന്റെ ആഴത്തിൽ അവന്റെ പേരു പച്ചകുത്തിയപ്പോൾ, ഇനിയൊരിക്കലും മായ്ച്ചുകളയാനാവാത്ത വിധം വേരുപിടിച്ച പ്രേമം. കർത്താവിന്റ ദാസിമാർക്കുപ്രണയിക്കാൻ കർത്താവ് മാത്ര മേയുള്ളൂ എന്നൊരായിരം വട്ടം മനസ്സിനെ പറഞ്ഞു പഠിപ്പിച്ചതാണ്. ഉണർന്നുവരുന്ന പ്രണയകാമനകളെ കൊന്തയും ജപങ്ങളും വച്ച് ഉറക്കിക്കിടത്താൻ നോക്കിയതുമാണ്. എന്നാലും അവനെ മറക്കാൻ ആവതില്ലാലോ. ഹൃദയത്തിന്റെ വളക്കൂറുള്ള മണ്ണിൽ അവൻ ഒരു ഇരുണ്ട കാടുതന്നെ സൃഷ്ടിച്ചിരിക്കുന്നു. ചില്ലകൾ വെട്ടി ഒതുക്കുന്നതറിയാതെ വളർന്നു പന്തലിക്കുന്ന അവന്റെ വേരുകൾ....

പണ്ട്, നാലാം ക്ലാസിലെ പിറന്നാളിനു സമ്മാനമായി കിട്ടിയ ഒലിവർ ട്വിസ്റ്റ് വായിച്ച തുമുതൽ കണ്ട സ്വപ്നമായിരുന്നു ഒരു ലൈ ബ്രേറിയനാവുകയെന്നത്. ഒലിവർ ട്വിസ്റ്റ് പോകാറുള്ള വായനശാല അത്രയും പ്രിയ പ്പെട്ടതായിരുന്നു. ഇന്നും ഒരു മിഴിപൂട്ടലിന്നപ്പുറം അവിടമെല്ലാം മനസ്സിൽ തെളിഞ്ഞുവരും..... ആരാണു വിളിച്ചതെന്നിപ്പോഴും അറിയില്ല. ആരോ വിളിച്ചു. പൊതുസമൂഹമതിനെ ദൈവവിളി എന്നും വിളിച്ചു. വർദ്ധിച്ചുവരുന്ന കൗതുകങ്ങളുടെ കൗമാരകാലത്തിൽ കന്യാ വ്രതമെന്ന പുതപ്പിനാൽ ഞാൻ എന്നെ മറച്ചു. അതോടെ ലൈബ്രറിപോലുള്ള പൊതുവിട ങ്ങൾ എന്റെ സ്വപ്നരേഖയ്ക്കും അപ്പുറമായി. നോവിഷ്യേറ്റ് കാലങ്ങൾക്കിപ്പുറം മലയാളം ടീച്ചറാവാൻ എടുത്ത തീരുമാനത്തിനു പിന്നിൽ പുസ്തകങ്ങളെന്ന ഒറ്റ ലക്ഷ്യമേ ഉണ്ടായുള്ളൂ.

പുസ്തകങ്ങളെടുക്കാൻ ഏണിവെച്ചു കേറുന്ന രൂപമായിരുന്നു ആദ്യമവൻ. പിന്നെ പ്പിന്നെ തോളറ്റം ചാഞ്ഞുകിടക്കുന്ന അവന്റെ മുടിയെയും കട്ടിക്കണ്ണടയ്ക്കുള്ളിൽ ഒളിപ്പിച്ച കടലോളം ആഴമുള്ള കുഞ്ഞുകൃഷ്ണ മണികളെയും ഞാൻ ആരാധിക്കാൻ തുടങ്ങി. കണ്ണട ഉണ്ടെന്നേയുള്ളൂ, അല്ലേൽ തനി ക്രിസ്തു, അത്രതന്നെ. ഒരു സർക്കാർ ജോലിക്കപ്പുറം വാക്കുകളെ പ്രണയിക്കാൻ അവൻ തേടിയ മാർഗ്ഗമായിരുന്നു ഈ ജോലി. ലൈബ്രേറിയൻ, ജാരകാമുകന്മാർ ഒരു പാടുണ്ടെന്നറിഞ്ഞിട്ടും തന്റെ സഖിയെ, പുസ്തകത്തെ പ്രണയിച്ചവൻ.

സിസ്റ്ററേ, സിസ്റ്റർ മരയ വായിച്ചിട്ടുണ്ടോ... ഇല്ലേൽ വായിക്കണം. അല്ലേൽ നഷ്ടം. മരയ എന്ന പേരുപോലും അന്നു വിചിത്രമായിത്തോന്നി. എന്നാലും, അവൻ പ റഞ്ഞതല്ലേ എന്നു കരുതി വായിച്ചു നോക്കി. പിന്നീട് പലയാവർത്തി എന്നോടവൻ പറഞ്ഞിട്ടുണ്ട് എന്റെ ഒരു പ്രതിബിംബമാണ് മരയ എന്ന്. സൗണ്ട് ഓഫ് മ്യൂസിക് കാണുന്ന, പുസ്തകത്തെ സ്നേഹിക്കുന്ന, ആവൃതിയിലെ മരയ. ഞാനും അന്നുതൊട്ട് എന്നെ ഒരു കുഞ്ഞുമരയയായി കാണാൻ തുടങ്ങി. ഇതിഹാസപുരുഷൻ രവിക്കൊപ്പം ഞാനും അവനും ഖസാക്കിലേക്കു യാത്രയായി.

ഖാലിദ് ഹൊസൈനിയുടെ 'പർവതങ്ങൾ മാറ്റൊലിക്കൊള്ളുന്നു' വായിച്ച് അതിലെ പരിക്കും അബ്ദുല്ലയ്ക്കുംവേണ്ടി മൗനമായിത്തേങ്ങി. കൈറ്റ് റണ്ണറിലെ അമീറിനും ഹസ്സനുമൊപ്പം ഞങ്ങളും പട്ടം പ റത്തി. എന്റെ ആവൃതിയിലെ വെളിച്ചമായിരുന്നു അവൻ.



കിനാവുകളിൽ ഒരു പാടു യാത്ര ഞങ്ങൾ പോയിരുന്നു. സ്പിതി വാലിയുടെ മഞ്ഞു വീണ രാത്രികളിൽ, നക്ഷത്രങ്ങൾകൊണ്ട് ഞങ്ങൾ പൂജ്യം വെട്ടു കളിക്കുമായിരുന്നു. അൾത്താരയിൽ ഞാൻ കാണുന്ന ക്രിസ്തുവിനുപോലും അവന്റെ ഛായ തോന്നിത്തുടങ്ങിയിരിക്കുന്നു. കുർബാനയപ്പത്തിൽ അവന്റെ മുഖം തെളിഞ്ഞുവരുന്നപോലെ. മദറിന്റെ ശകാരംപോലും ഇപ്പോ അവന്റെ പ്രണയഗീതം പോലെ. 'എന്താ ഉഷസ്സേ, ഇപ്പോ എപ്പോഴും ചിരി'?. ശരിയാണ്. കർത്താവിന്റെ മണവാട്ടിമാർ നിർവികാരരാവണം എന്നതത്ത്വം ഞാൻ മറക്കരുതല്ലോ.

കൊറിയൻ സിനിമകളോടായിരുന്നു അവന്റെ പ്രിയം. കൊറിയൻ സിനിമയില്ലെങ്കിൽ മലയാളം സിനിമപോലുമുണ്ടാവില്ലല്ലോ എന്നെല്ലാം അവൻ പറയും. 'ത്രീ അയേൺ' എന്ന സിനിമയെപ്പറ്റി ഞാൻ കേൾക്കാത്ത ദിവസങ്ങളില്ല. 'സിസ്റ്ററതു കാണണം എന്നു ഞാൻ പറയില്ല, സിനിമയല്ലേ... മനുഷ്യന്റെ തീവ്രവികാരങ്ങൾക്കാണവിടെ സ്ഥാനം. അതെല്ലാം നിങ്ങൾക്കു പഥ്യമാണല്ലോ.' കുറേ കാര്യങ്ങൾ ചെയ്യണമെന്നു പറയും. പിന്നീട് അതു ചെയ്തോ എന്നുപോലും അന്വേഷിക്കില്ല. അവനോട് ഞാനെപ്പഴും പറയും 'അന്റെ തലയ്ക്കകത്തു നെറയെ നെലാവെളിച്ചാന്ന്'.


'കൂടെ പോരുന്നോ' പോലുള്ള പൈങ്കിളി ക്ലീഷേകൾ ഒന്നും ഞാനവനിൽനിന്നു പ്രതീക്ഷിച്ചിരുന്നില്ല. പക്ഷേ, പോവുന്നതിനുമുമ്പ് ഇഷ്ടമാണെന്നൊരു വാക്കുകേൾക്കാൻ കൊതിച്ചിരുന്നു. ആ ഒരു വാക്കിനപ്പുറം ഈ ആവൃതി എനിക്കന്യമാവുമെന്നു ഞാൻ കരുതി. ഇനിയുള്ള നാളുകളിൽ എന്റെ ചിറകുകൾ ആവോളം വിടർത്താമെന്നു പ്രതീക്ഷിച്ചു. ട്രാൻസ്ഫർ ലെറ്റർ കിട്ടിയതിനു ശേഷം ഒരു ദിവസമെങ്കിലും എന്റെ കൂടെയായിരിക്കാൻ അവനു തോന്നിയില്ലല്ലോ. പുതിയ കാഴ്ചകൾ..... പുതിയ ആളുകൾ...... എന്തൊരു തിടുക്കമായിരുന്നു. ശരിയാണ്, എല്ലാറ്റിനോടും ഒരേ പ്രണയമുള്ളവരെ ഒരിക്കലും ആഗ്രഹിക്കരുതായിരുന്നു. അവരെ ആർക്കും സ്വന്തമായിക്കിട്ടില്ല. എന്റെ ക്രിസ്തു ഇതുവരെയും എന്റെ സ്വന്തമാകാത്തപ്പോലെ. കൂരിരുട്ടിലായിരിക്കുക എന്നുപറയുന്നത് അത്ര ദുഃഖകരമല്ല. കാരണം, ചുറ്റിലും ഇരുട്ടായതുകൊണ്ട് അതിന്റെ തീവ്രത നമുക്കന്യമായിരിക്കും. എന്നാൽ, ആരെങ്കിലും അവിടെ മെഴുകുതിരി കത്തിച്ചാൽ, വെളിച്ചമെന്തെന്ന് നമ്മൾ തിരിച്ചറിയും. ആ നിമിഷംതന്നെ അത് കെട്ടുപോവുമ്പോൾ, നാം ആയിരുന്ന ഇരുട്ടിന്റെ തീവ്രത കൂടും. എന്റെ ആവൃതി ഒരു ഇരുട്ടായിരുന്നു. ഇന്നത് കൂടുതൽ കനപ്പെട്ടിരിക്കുന്നു. ഇനിയെന്നും ഈ ഇരുട്ടിനെ പ്രണയിച്ചുകൊണ്ടേയിരിക്കണം. അറിയാതെയെങ്കിലും വെളിച്ചം കടന്നുവരാതിരിക്കട്ടെ ഇവിടെ.






അനുപ്രിയ ജോജോ, IInd BA മലയാളം

പണ്ട്, കുളം വറ്റിയപ്പോൾ
ആമ കൊക്കിന്റെ ചുണ്ടിൽ കടിച്ചുതൂങ്ങി നാടുകടന്നത്രേ!
ഇന്നാകട്ടെ, കുളം വറ്റുന്നതിനു മുൻപേ
അവൻ വെള്ളക്കൊക്കിന്റെ ചിറകിലേറി അതിരുകടക്കുന്നു!
വിസ റെഡിയെങ്കിൽ സംസ്കാരം പാഴ്സലാക്കി ചേക്കേറാം
മറ്റു ചിലരാകട്ടെ ചേർക്കുളങ്ങളിലാണ്...
ചീറിപ്പായുന്ന അഗ്നിഗോളങ്ങളെ ഒളികണ്ണാൽ നോക്കി
ചിലരാകട്ടെ, അരക്ഷിതത്വത്തിന്റെ ചിലന്തിവലകളിൽ
അസമത്വത്തിന്റെ അജീർണ്ണാവസ്ഥയിൽ
കരകയറ്റാനോ അതിർകടത്താനോ ആളില്ല,
മുട്ടയിട്ട ചില്ലകൾ സ്മൃതിപഥങ്ങളാക്കി...
പ്രതീക്ഷയോടെ യാത്ര തുടരാതെ വയ്യല്ലോ!





Dona Mariya
II[nd] MA English

# വൈദേഹി റാം

ഞരങ്ങിക്കൊണ്ട് കണ്ണുകൾ വലിച്ചുതുറന്ന് വൈദേഹി കട്ടിലിൽ എഴുന്നേറ്റിരുന്നു. നഗ്നമായ ദേഹത്തേക്കു തുണിവാരിച്ചുറ്റി അരികിൽ കിടക്കുന്ന അപരിചിതനെ നോക്കി നെടുവീർപ്പിട്ടു. അയാളെ ഉണർത്താതെതന്നെ കാലുകൾ പെറുക്കിവെച്ചു കുളിമുറിയിലേക്കു നടന്നു. വയ്യ... തുടയിടുക്കിലും അരക്കെട്ടിലും മാറിലുമൊക്കെ കനത്ത നോവ്. ചാട്ടവാറുകൊണ്ട് അടിക്കുന്ന മാതിരി. തലവഴി തണുത്തവെള്ളം കോരിയൊഴിച്ച് ശരീരം ആകമാനം വാസനസോപ്പുവെച്ച് ഉരച്ചു. അയാളുടെ വിയർപ്പുമണം ഇപ്പോഴും ശരീരത്തിലുണ്ട്. "എന്തിനു നീ ഈ വിയർപ്പിനെ വെറുക്കണം വൈദേഹി. ഇതുപോലെ ദിവസവും ഒരുപാടു പുരുഷന്മാരുടെ ചൂട് അറിയുന്ന ഒരു വേശ്യ അല്ലേ നീ." വൈദേഹി സ്വയം നിന്ദയോടെ മനസ്സിൽ പറഞ്ഞുകൊണ്ട് വീണ്ടും തണുത്ത വെള്ളം ദേഹത്തേക്കു കമിഴ്ത്തി. കുളി കഴിഞ്ഞിറങ്ങിയതും അയാൾ ഉണർന്നിരുന്നു. കുളിച്ചു വരുന്ന വൈദേഹിയെ കണ്ടതും കുടിലമായി ചിരിച്ചുകൊണ്ട് അവളെ ദേഹത്തേക്കു വലിച്ചടുപ്പിച്ചു. "കൊള്ളായിരുന്നുകേട്ടോ. ഇന്നലെ ഞാൻ ഒത്തിരി സുഖിച്ചു.." അവളുടെ മാറിലേക്ക് ഏതാനും നോട്ടുകെട്ടുകൾ തിരുകി അയാൾ അധരങ്ങളിൽ അമർത്തി ചുംബിച്ചു പുറത്തേക്കിറങ്ങി. വൈദേഹിയുടെ കണ്ണിൽ നിന്നു കണ്ണുനീർ ഒഴുകിയിറങ്ങി. കരയരുത്, നീ പതിനെട്ടാം വയസ്സുമുതൽ അനുഭവിക്കുന്നതല്ലേ ഈ വേദനകൾ. ഇപ്പോഴും നീ കരയുന്നോ. കണ്ണുകൾ അമർത്തിത്തുടച്ചവൾ മനസ്സിൽ ഉരുവിട്ടു. വല്ലാത്ത ദേഷ്യം വരുന്നു ആരോടൊക്കെയോ. ബാല്യത്തിലെ നിറങ്ങൾ തല്ലിക്കെടുത്തിയ അച്ഛൻ. അക്ഷരങ്ങളുടെ ലോകത്തേക്കു കൈ പിടിച്ചു നടത്താതെ ഈ ചുവന്ന തെരുവിലേക്കു മകളെ തള്ളിവിട്ടയാൾ. അച്ഛൻ എന്ന പദവിക്ക് അർഹനല്ല. അയാൾ നീചൻ. ഓർമ്മയിൽ അവളുടെ കടപ്പല്ലുകൾ ഞെരിഞ്ഞു.

അരികിൽനിന്നുയർന്ന ശബ്ദമാണ് അവളെ യാഥാർത്ഥ്യത്തിലേക്കു കൊണ്ടുവന്നത്. തിടുക്കത്തിൽ മുഖം തുടച്ചവൾ കതകു തുറന്നു. മേം സാബ് ആയിരുന്നു. "വൈദേഹി കിടക്കാൻ വരട്ടെ, ഒരാൾ കൂടി ബാക്കിയുണ്ട്.." പുകയിലക്കറ പിടിച്ച പല്ലുകൾ കാട്ടി ആ വൃദ്ധ പറഞ്ഞു. "നിക്കു തീരെ വയ്യ. നടു ഒക്കെ കഴച്ചുപൊട്ടണ മാതിരി.." പതിഞ്ഞ സ്വരത്തിൽ അവൾ മറുപടി നൽകി. കണ്ണുപൊട്ടുന്ന ചീത്തയും പണിയെടുക്കാൻ പറ്റില്ലെങ്കിൽ ഇറങ്ങിപ്പോടീ എന്ന ഭീഷണിയും മുഴക്കി ആ സ്ത്രീ തിരിഞ്ഞുനടന്നു പോയി. ഇറങ്ങിപ്പോയേനെ, പക്ഷേ, പേടിയാണ് ഒരിക്കൽ ചെളിയിൽ വീണതാണ്. ആളുകൾ അങ്ങനയെ കാണൂ. ഇപ്പോൾ ഭയമില്ലാതെ രാത്രി ഉറങ്ങാൻ പറ്റുന്നുണ്ട്; അതുമതി. നെടുവീർപ്പോടെ അവൾ ചുവന്ന

സാരി വാരിച്ചുറ്റി കണ്ണിൽ മഷിയെഴുതി. വാസന ത്തൈലം പൂശി മുല്ലപ്പൂചൂടി. കതകിൽ വീണ്ടും മുട്ടു കേട്ടതും കണ്ണാടിയിൽ നോക്കി വശ്യതയുടെ മൂടുപടം അണിഞ്ഞു കതകു തുറന്നു. ആരോഗ്യ ദൃഢഗാത്രനായ ഒരു യുവാവ്. കോലൻ മുടിയിഴകൾ കണ്ണിലേക്കു കിട ക്കുന്നു. ചിരിക്കുമ്പോൾ തെളിയുന്ന നുണക്കുഴി, കൂർ ത്ത യക്ഷിപ്പല്ല്. വൈദേഹി ജീവിതത്തിൽ ആദ്യമായി സ്വയം മറന്നൊരു പുരുഷനെ നോക്കി. 'കയറാമോ.' മുഴക്കമേറിയ ശബ്ദം. അതുതന്റെ ഹൃദയത്തിലേക്കാ ണു പതിച്ചതെന്ന് അവൾക്കു തോന്നി. അവൾ കതകിൽ നിന്നു മാറിക്കൊടുത്തു. അവളെ ഒന്നു നോക്കി അയാൾ കുളിമുറിയിലേക്കു പോയി. അൽപ്പസമയത്തിനുശേഷം കുളികഴിഞ്ഞുവന്നവനെ നോക്കി അവൾ വാ പൊളിച്ചു. കുസൃതിയോടെ ഇരുകണ്ണുകളും അമർത്തിചിരിച്ച് അവൻ കിടക്കയിലേക്കു കിടന്നു. അതു മനസ്സിലാ യപോലെ അവൾ മാറിൽ നിന്നു സാരിത്തലപ്പ് മാറ്റി. "നിനക്കു ചൂട് എടുക്കുന്നോ? തുണിയൊക്കെ എന്തിനാ കളയുന്നേ." സാരി തിരികെ മാറിലേക്ക് ഇട്ട് അയാൾ അവളെ നെഞ്ചിലേക്കു ചേർത്തുകിടത്തി. നെറ്റിയിൽ ചുംബിച്ചു. അന്നാദ്യമായി ഒരു പുരുഷന്റെ കണ്ണിൽ അവൾ വാൽസല്യം കണ്ടു. പ്രണയം കണ്ടു.

പിറ്റേദിവസം അരുണദേവന്റെ ആദ്യകിരണം കണ്ണിൽ തട്ടിയതും അവൾ കണ്ണുകൾ തുറന്നു. ഇല്ല ആരുമില്ല. ഇനി സ്വപ്നം ആണോ അവൾ ചിന്തിച്ചു. എന്നാൽ അന്നു വൈകിട്ടും ആ രാജകുമാരൻ വന്നു. കൈയിൽ അവൾക്കു കരുതിയ പലഹാരപ്പൊതി, മറ്റു ള്ളവരുടെ ദന്തക്ഷതങ്ങൾ ഏറ്റ മുറിവിൽ പുരട്ടാനുള്ള മരുന്നും മറ്റുമായി. ഒരോ രാത്രിയും ആകാൻ അവൾ കാത്തിരുന്നു. അവൻ അവൾക്കു കാമുകനും പിതാ വും സുഹൃത്തുമായി. പിന്നീടു പലപ്പോഴും എരിയുന്ന മണ്ണെണ്ണ വിളക്കിന്റെ വെട്ടത്തിൽ ആദ്യാക്ഷരങ്ങൾ പകർന്നുതന്ന ഗുരുവായി. ഈ ചുവന്ന തെരുവിനപ്പുറം ഒരു ലോകമുണ്ടെന്നു പറഞ്ഞു നൽകി. പാനിപ്പൂരിയും പഞ്ഞിമിട്ടായിയും അവളുടെ ഇഷ്ടങ്ങളായി.

നാളുകൾ കഴിയേ അവൻ വെളിപ്പെടുത്തി അവ നു വൈദേഹിയോട് പ്രണയം ആണെന്ന്. വൈദേഹി എതിർത്തു, വാശിപിടിച്ചു കരഞ്ഞു. "ഞാൻ ചീത്തയാ" അവളുടെ വാക്കുകൾ ഇടറിയിരുന്നു.

"നിന്നോളം ശുദ്ധിയുള്ള ആരുമില്ല പെണ്ണേ, മന സ്സുകൊണ്ട് നീ ഇതുവരെ വ്യഭിചരിച്ചിട്ടില്ല. നന്മമാത്ര മേ നിന്റെ ഉള്ളിലുള്ളൂ. നിന്നെ ഞാൻ ആദ്യം കണ്ടത് അമ്പലത്തിൽ വെച്ചാണ്. സുഖസൗകര്യം ഉള്ളവർപോ ലും അവരവരുടെ പരാതി പറഞ്ഞപ്പോൾ നീ പറഞ്ഞ ത് 'ലോകാസമസ്ത സുഖിനോ ഭവന്തു.' എന്നാണ് സ്വയം നീറുമ്പോഴും ഈ ലോകത്തുള്ള സർവ്വചരാച രങ്ങൾക്കും നന്മവരാനും നീ ആഗ്രഹിക്കുന്നു. എനി ക്കിനി എന്റെ മുന്നോട്ടുള്ള ജീവിതത്തിൽ നീ വേണം വൈദു." വൈദേഹി അവിടെ വെറും ഒരു പെണ്ണായി തേങ്ങിക്കൊണ്ട് അയാളുടെ നെഞ്ചിലേക്കു തലവെച്ചു.

പിന്നീടങ്ങോട്ട് പ്രണയം കവിഞ്ഞൊഴുകുന്ന നാളുകൾ ആയിരുന്നു. പോകെപ്പോകെ ആ രാജകുമാര ന്റെ പേര് റാം എന്നാണെന്നും പട്ടാളത്തിൽ ആണെന്നും അവൾ അറിഞ്ഞു. ഇത്രനാൾ ഒപ്പം ഉണ്ടായിട്ടും തനി ക്ക് അവന്റെ പേരുപോലും അറിഞ്ഞുകൂടാ എന്തൊരു വിരോധാഭാസം.

ഒരിക്കൽ റാം വന്നു കയറിയതും വൈദേഹി യോടു വസ്ത്രങ്ങൾ ഒരുക്കിവയ്ക്കാൻ ആവശ്യപ്പെട്ടു.

"വൈദു നോക്ക്, എനിക്ക് ഉടനെതന്നെ തിരിച്ചു പോണം നീ എന്റെ കൂടെ വാ. ഞാൻ തിരികെ വന്നു നമുക്കു കല്യാണം കഴിക്കാം.." അവന്റെ മുഴുവൻ പ്രണയവും ആ വാക്കുകളിൽ ഉണ്ടായിരുന്നു. അവൾ ക്കു മറുവാക്കില്ല. അത്രമേൽ അവൾ അവളുടെ രാജകുമാരനിൽ അടിമപ്പെട്ടുപോയിരുന്നു. ഒടുവിൽ ബോംബെയിലെ ചുവന്ന തെരുവിനോടു വിടപറഞ്ഞ വൾ മറ്റൊരു ലോകത്തേക്കു കടന്നു. ആ ലോകത്ത് അവന്റെ കൊച്ചുകുടിലിൽ അവൾ ദേവിയായി. പിറ്റേ ദിവസം തിരിച്ചുപോയി. തിരികെവരാം എന്ന വാക്കു നൽകി. പ്രണയത്തിൽ പറഞ്ഞിട്ടുള്ളതാണ് ഈ താൽ ക്കാലികവിരഹം ഓർത്തുകൊണ്ടവൾ കണ്ണുനീരോടെ യാത്രനൽകി.

മുന്നോട്ടുള്ള വൈദേഹിയുടെ ജീവിതം സുന്ദര മായിരുന്നു. കൃഷിയും ആടും കോഴിയും അവളുടെ വരുമാനമാർഗ്ഗമായി. റാം എന്ന ശൂന്യത മാത്രം നിക ത്താൻ ആവാതെ ഒഴിഞ്ഞുകിടന്നു.

നാളുകൾ കഴിഞ്ഞു. മാസങ്ങൾ, വർഷ ങ്ങൾ വൈദേഹി തിരിച്ചറിഞ്ഞു അവൻ ശരിക്കും രാജകുമാരനായിരുന്നു. ചെളിക്കുണ്ടിൽ കിടന്ന തന്നെ മറ്റൊരു ലോകത്തേക്ക് എത്തിച്ചു. അവ ന്റെ കൊട്ടാരത്തിലെ റാണിയാക്കി. ജീവിക്കാൻ പഠിപ്പിച്ചു. ഒരായിരം സ്വപ്നം കാണാൻ പഠിപ്പിച്ചു. ഒടു വിൽ മാഞ്ഞുപോയി. രാത്രികളിൽ അവൾ ആദ്യമായി ദൈവങ്ങളോടു പരാതിപറയാൻ തുടങ്ങി. അവളുടെ പരാതികൾ കേട്ട ദൈവം തന്റെ മുന്നിൽ ഇരിക്കുന്ന ആത്മാവിനെ നോക്കിയിട്ടുണ്ടാകും ജീവിച്ചു പ്രണയിച്ചു കൊതിവരാതെ അയൽരാജ്യത്തിന്റെ വെടിയുണ്ടയിൽ പൊലിഞ്ഞുപോയ അതേ ആത്മാവിനെ...

വൈദേഹിയെ ജീവിക്കാൻ പഠിപ്പിച്ചു മാഞ്ഞു പോയ അതേ ആത്മാവിനെ...

വൈദേഹിയിൽനിന്നു മാഞ്ഞുപോയവനെ...
അത് അവൻ ആയിരുന്നു.,
വൈദേഹിയുടെ റാം.

# Ruhi





**Abhirami Nair**
III$^{rd}$ BA Triple Main

She was lost in the nothingness. All her worries and sorrows seemed to have somehow ended. She walked far and wide until she caught a glimpse of that magnanimous door. The door to heaven indeed it seemed. As the doors to heaven opened, Ruhi walked in.

"What brought you in here sweetheart?" one of the Angels asked her.

"I ended my life." she replied with a heavy heart

by pointing at her bloody wrists.

The angels were aghast and they asked Ruhi, "But dear, you are way too young to end this precious life that God gifted you. What made you commit to something so scary? How could you let God down by doing so?"

"I had let down my Gods..

"My mom and Dad. I let them down by not scoring upto their expectations. I broke their heart Angels. I ripped it apart." she answered with a heavy sigh. Her eyes welled up with tears.

"Dear, you didn't fail there. God had way better plans for you, hence he deliberately gave you a fall, so that you could bounce back stronger and reach somewhere better. You should have given a second thought dear. You shouldn't have given up so easily." Angels tried to make her realise the mistake she committed.

"You might be right. But I couldn't go through all the accusations, scoldings and comparisons. I wasn't that strong as I had gone through this once. I felt alone. I was on my own. All those fake consolations made it worse. All my friends scored well. It was just me. What did I not do? I learned, relearned. I used to cry every night before my exams due to anxiety and fear of what if I couldn't make it." With this she broke down and wailed uncontrollably. "But I was shattered when I learnt that I was the reason why my parents cried. I saw my Mom cry because, she was ashamed to everyone how much I scored. I stopped talking to anyone. A person who couldn't cry started to cry. and it didn't end. It went on and on. And finally I realised that I shouldn't cause them anymore troubles. I decided to end their disgrace and my never ending agony.

She was still crying. The Angels questioned, " Dear, you could have shut down all those mouths that questioned your abilities. Why did you fall so weak?"

"Those mouths never caused me any pain angels. It was the pain I made my parents go through that killed me. Even if I would have survived, I would be a living corpse." Her incredulous look defined it all. The next moment Ruhi blinked her eyes, she was at the front gate of her house. She found newspapers piled from the past week. She walked in and saw the door left ajar. She peeked inside and saw them, her parents. They looked lethargic, aged and motionless.

Her Mom was holding on to the last pair of dress she wore and her Dad had her favorite teddy without whom she couldn't sleep. The sight was so horrifying that she started to weep. Suddenly her mother rose up and started walking to her side. Her dad caught hold and said,"Stop it! Our Ruhi is gone. There's no one there." Ruhi's mom let out in a cracked voice, " No.. She needs me. Will she make it all alone. What stopped me from cuddling her to sleep when she was crying alone after the results. I am responsible for all this."

Ruhi saw her Mom sobbing uncontrollably tightening the grip on Ruhi's soiled dress. Ruhi couldn't hold it any longer. She ran to her Mom and hugged her. But she couldn't feel the warmth of her Moms body. Ruhi cried harder. She felt as if she was floating. Ruhi called out to her parents but they couldn't hear her. Before long, she reached were she was before. She saw the angels in a distance and she ran to her. "Please take me back to them angels. Please!" she begged. The angels asked her "Why dear? Weren't you the one who told that you are letting go of your pain and this will do good for your parents?"

"No! I was wrong angels. I made them miserable. I can't let them live with the guilt of my death. Please angels, I need to go back. They don't have anyone else. Please! Take me back." Ruhi begged them again and again. "Sorry dear, we can't. It was your decision. We can't help you." With this, the angels started closing the gates of heaven. "Wait angels! Let me in. I'm lost." And she ran towards heaven.

"We can't let you in dear. You won't meet God either as you ended your life on your own will. You will roam here for eternity. You committed a sin. Hope for your salvation." With these words the angels closed the door to heaven. And Ruhi was left with emptiness in front of her.

Nothing but emptiness..

# The Follicle Touch

Let them fly in December's wind
Making their journey more beautiful
Flying away from sorrows and tears
To a place of warmth and comfort.
Her feather touch made my heart
So weightless!
I picked her up, brought her closer
But she wanted to spread morel love
Thus she vanished from my
Selfish hands!
I wanted her to be mine always
But upon her wish….
The rising wind made her disappear
To a new paradise…
Made me still waiting for a
Follicle touch of magical power!

# അല്പനേരംകൂടി


നന്ദന
IInd BA
Tripple main




മഞ്ഞുപുതപ്പണിഞ്ഞ ഇരുളിൽ,
ഉറങ്ങാനാവാത്ത നിനവുകൾ
ഉദയത്തിന് ഇതളുകൾ വിരിയവേ,
തിരഞ്ഞു ഞാൻ നീ
വന്നെത്തിയോയെന്ന്
മറവി എന്നെ കാർന്നാൽപ്പോലും
നീയുമൊത്തുള്ള ഓർമ്മകൾ മറക്കാനാവില്ല.
നാലുകെട്ടിനുള്ളിൽ മങ്ങിയ എൻ ചിരിക്ക്,
നിറമേകിയത് നീയാണ്.
ഈ തൊടിക്കും, പൂവിനും,
പുൽനാമ്പുകൾക്കും പറയാൻ
കഥകൾ ഏറെയുണ്ട്,
ഗ്രീഷ്മത്തിനൊടുവിൽ നീ
ദൂരേക്കു മറയുമ്പോൾ,
മങ്ങിയ കണ്ണുകൾകൊണ്ട്
ഞാൻ ആഗ്രഹിച്ചു,
അല്പനേരംകൂടി നീ
അടുത്ത് ഉണ്ടായിരുന്നെവെങ്കിൽ...





SAHAD SALMAN
II^nd B.Com Taxation

## എൻ പ്രണയം

എൻ നഷ്ടപ്രണയമേ, നീ
എന്നെ മരണം എന്ന
നിഗൂഢതയിൽ വീഴ്ത്തി
എന്നാൽ, എൻ മുന്നിൽ
നീ ഇന്ന് തോറ്റു മുട്ടു കുത്തി
അവൾ എന്നെ ഉയർത്തി...
അവളുടെ സ്നേഹത്താൽ
അവൾ എനിക്കു കാണിച്ചു
പ്രണയം എന്ന ലോകം...
അവളുടെ പ്രണയം
ഞാൻ എന്ന വ്യക്തിയെ
എന്നിൽ ഉദിപ്പിച്ചു...
പൂവിൽനിന്ന് മധുനുകരും
ശലഭംപോലെ...
എന്നിലെ കറകൾ
അവൾ ശൂന്യമാക്കി...
അവൾ എന്ന ശലഭം
എനിക്ക് മാത്രം സ്വന്തം
അവൾ എന്ന പ്രണയം
എനിക്കേകി ജീവിതം...

# കിസ്മസ്കാർഡും ചൂരൽവടിയും



Balagopal V.S.
I[st] B.Sc Zoology

ക്വാറന്റൈൻ നാളുകളുടെ മടുപ്പ് ലോക്ഡൗണിന്റെ വിരസതയായത് ലൈബ്രറിയിൽനിന്ന് പുതിയ ബുക്കുകൾ കിട്ടാതായതോടെയാണ്. സഹായിക്കാൻ ചെയ്ത ചിലതൊക്കെ പാളിത്തുടങ്ങിയപ്പോൾ അമ്മയെ സഹായിക്കൽ പരിപാടി തൽക്കാലം അവസാനിപ്പിച്ചു ഞാൻ മുറിയിൽ ഒതുങ്ങി. അപ്പോഴാണ് പഴയ ബുക്കുകളും ഡയറികളുമൊക്കെ വച്ച കാർഡ്ബോർഡ് ബോക്സ് എന്റെ കണ്ണിൽപ്പെട്ടത്. എന്തായാലും വെറുതെയിരിക്കുകയല്ലേ എന്നാൽ, അതൊക്കെയൊന്നു പൊടിതട്ടി എടുത്തേക്കാം എന്നോർത്ത് തട്ടിൽനിന്നു പെട്ടി താഴെയെത്തിച്ചു.

“ഇനി അതൊക്കെ അവിടെ വിതറി മനുഷ്യന് അടുത്ത പണിയുണ്ടാക്കിക്കോ.”

ഹൊ, ഈ അമ്മ എവിടെത്തിരിഞ്ഞാലും ഉണ്ടല്ലോ കണ്ടുവന്ന അച്ഛനും വെറുതെ പോയില്ല.

“അതു മുഴുവനും പൊടിയാ മോളേ, എടുത്തുവയ്ക്ക്”

“ഇപ്പോ വയ്ക്കാം അച്ഛാ.”

കൂടുതൽ പറയാതെ അച്ഛൻ പോയി. പക്ഷേ, അമ്മ വിടുന്ന ലക്ഷണമില്ല.

“ദേ, അവൾ അത് മുഴുവൻ വലിച്ചുവാരി ഇടുന്നുണ്ട്; ഒന്നു പറഞ്ഞേ അവളോട്.”

“നീ നിന്റെ പണിനോക്ക്, അവള് എന്തേലും ചെയ്യട്ടെ.”

അച്ഛൻ പത്രത്തിലേക്ക് തിരിഞ്ഞു.

“അല്ലേലും മകൾ എന്ത് ചെയ്താലും മിണ്ടൂല്ലല്ലോ”

മറുപടി ഉണ്ടാവില്ല എന്ന് അറിയാവുന്നതുകൊണ്ട് അമ്മ അടുക്കളയിലേക്കു പോയി. പോണപോക്കിൽ എന്നോട് പറഞ്ഞു

"അതൊക്കെ അവിടെ വിതറിയിട്ടാൽ നിന്നെ ഞാൻ ശരിയാക്കും."

ഞാൻ ഒന്നും മിണ്ടിയില്ല വെറുതെ പറന്നുപോകുന്ന അടി പിടിച്ചുവാങ്ങുന്നത് എന്തിനാ. ഈ അമ്മക്കുട്ടിക്ക് കുശുമ്പാന്നും മനസ്സിൽ പറഞ്ഞു ഞാൻ ആ ബുക്കുകളിലേക്കു തിരിഞ്ഞു.

പാതി എഴുതി നിറുത്തിയ കഥകൾ, ആരും കാണാതെ ഒളിച്ചുവച്ച കവിതകൾ അങ്ങനെ എന്തെല്ലാം. കുറെ കാർഡുകൾ കണ്ടു. സ്കൂളിൽ പഠിക്കുമ്പോൾ കൂട്ടുകാർ തന്ന ചെറുതും വലുതുമായ കുറെ ക്രിസ്മസ് കാർഡുകൾ. അക്കൂട്ടത്തിൽ ഒരെണ്ണം മാത്രം പൊതിഞ്ഞുവച്ചിട്ടുണ്ട്. തുറന്നു നോക്കിയപ്പോൾ ഒരു ചിരി ചുണ്ടിൽ വിരിഞ്ഞു. പണ്ട് ഒരു ഒൻപതാം ക്ലാസ്സുകാരിയെ ഏറെ കരയിച്ചതിൽ പിന്നെ ഏറെ സന്തോഷിപ്പിച്ച കാർഡ് ആണ് എന്റെ കയ്യിൽ ഇരിക്കുന്നത്.

ചെറുപ്പത്തിൽ കത്തുകൾ വരുമ്പോൾ; എനിക്ക് ഒരു കത്തു വന്നെങ്കിൽ എന്ന് ആഗ്രഹിച്ചിട്ടുണ്ട്. അങ്ങനെ ഇരിക്കുമ്പോഴാണ് ഒരു ക്രിസ്മസ് അവധിക്ക് എന്നെത്തേടി തപാലിൽ ആ കാർഡ് വരുന്നത്.

ഭയങ്കര സന്തോഷമായി. ഞാനും വലുതായല്ലോ. വലിയവർക്കേ തപാൽ വരൂ എന്നായിരുന്നു എന്റെ വിചാരം. നല്ല ഭംഗിയുള്ള ക്രിസ്മസ് കാർഡ്. ആശംസയ്ക്ക് താഴെ നന്നായി പഠിക്കുക എന്നൊരു വരിയും.

ഇതിപ്പൊ ആരാ എനിക്ക് കാർഡ് ഇങ്ങനെ അയച്ചത്. കൂട്ടുകാർ ആരും ആവില്ല. കൂടുതൽ നോക്കുന്നതിനുമുമ്പേ അമ്മ എന്റെ കയ്യിൽനിന്ന് അതു വാങ്ങി.

നാട്ടിൻപുറത്തെ ഒരല്പം യാഥാസ്ഥിതിക കുടുംബത്തിന് ആ കാർഡ് ഒരു പ്രശ്നംതന്നെയായിരുന്നു. അച്ഛൻ വന്നപ്പോഴേ ചോദിച്ചു ആരാ കാർഡ് അയച്ചേ എന്ന്. അറിയില്ല എന്നു പറഞ്ഞു. അവസാനം കരഞ്ഞു. കുഞ്ഞേട്ടനെ തല്ലാൻ വാങ്ങിച്ചുവച്ച ചൂരൽ ആദ്യമായി ഞാൻ കണ്ടു. അച്ഛൻ എന്നെ തല്ലിയില്ല. വഴക്കു പറഞ്ഞു. കാർഡുമായി കേറിപ്പോയി.

എല്ലാം കണ്ടുനിന്ന അമ്മ ചോദ്യം ചെയ്യാൻ തുടങ്ങി. കൂട്ടിന് ആ ചൂരൽവടിയും ഉണ്ടായിരുന്നു. ഈർക്കിലിയും പൊങ്ങല്യവടിയും മാത്രം പരിചയമുള്ള എനിക്ക് ചൂരൽക്കഷായം ഒരു പുതിയ അനുഭവമായിരുന്നു. അതുകൊണ്ട് വീടിന് ചുറ്റും ഒരു നാലു റൗണ്ട് ഞാൻ ഓടി. പിന്നാലെ അമ്മയും. തല്ലിമടുത്തപ്പോൾ അമ്മ നിർത്തി.

ഉച്ചയ്ക്ക് കളിക്കാൻപോയ ഏട്ടന്മാർ വന്നപ്പോഴും ഞാൻ കരയുന്നുണ്ടായിരുന്നു. കാർഡ് അയച്ചത് ആരാ എന്ന് അവർ മാറിമാറി ചോദിച്ചു. അറിയില്ല എന്ന് ആവർത്തിച്ചു മടുത്തു.

എന്റെ കരച്ചിൽ കണ്ട് കുഞ്ഞേട്ടൻ ആരും കാണാതെ കാർഡ് എടുത്തു നോക്കി. കാർഡിന്റെ ഏറ്റവും പുറകിൽ ആരും ശ്രദ്ധിക്കാത്ത രീതിയിൽ എഴുതിവച്ച് പേര് ചേട്ടൻ വായിച്ചെടുത്തു.

"ആരാ മോളേ അപ്പു."

കുഞ്ഞേട്ടൻ പെട്ടെന്ന് എന്നോടു ചോദിച്ചപ്പോൾ ഓർമ്മവന്നില്ല പിന്നെ പതുക്കെ മനസ്സിൽനിന്ന് അവൻ പുറത്തുവന്നു. അപ്പോൾ ആ കാർഡയച്ച ആളോടു തോന്നിയ ദേഷ്യം മുഴുവനും അലിഞ്ഞുപോയി.

അപ്പു.... എന്റെ അടുത്ത കൂട്ടുകാർക്കുപോലും അറിയാത്ത എന്റെ ഏറ്റവും അടുത്ത കൂട്ടുകാരൻ. കുട്ടിക്കാലത്തെ കുറുമ്പുകളിൽ കൈകോർത്തവൻ. ഞാൻ എൽ.പി. സ്കൂളിൽ പഠിക്കുന്ന സമയത്ത് വെക്കേഷന് നിൽക്കാൻ ആകെ പോകുന്നത് വല്യമ്മയുടെ വീട്ടിലേക്കാണ്. അമ്മയെ വിട്ട് എങ്ങും പോകാൻ ഇഷ്ടമില്ലാത്ത ഞാൻ അവിടെപ്പോകുന്നതിന് ഒരേയൊരു കാരണമേ ഉള്ളൂ. അത് അപ്പു ആയിരുന്നു. ഓരോ അവധിയും ആഘോഷമായിരുന്നു.

പക്ഷേ, ഞങ്ങളുടെ കൂട്ടിന് വല്യ ആയുസ്സ് ഉണ്ടായില്ല. ഞാൻ നാലാംക്ലാസിൽ പഠിക്കുമ്പോൾ ഒരു അവധിക്ക് അവിടെ ചെന്നപ്പോൾ അപ്പു ഇല്ല. അവൻ വീടു മാറി പാലക്കാട്ടേക്ക് പോയി. അടുത്ത വെക്കേഷന് അവൻ വരുമെന്ന് സേതുച്ചേട്ടൻ എന്റെ കരച്ചിൽ മാറ്റാൻ സമാധാനിപ്പിച്ചു. പിന്നെ അവധിക്കാലം പലതു കഴിഞ്ഞു. അവൻ വന്നില്ല. ഞാൻ പിന്നെ എങ്ങും വെക്കേഷന് നിൽക്കാൻ പോയില്ല. അവധിക്കാലങ്ങളിൽ പുസ്തകങ്ങളായി എന്റെ കൂട്ടുകാർ. പതുക്കെ അവൻ ഓർമ്മകളിൽനിന്നു മറഞ്ഞു.

ഇത് നേരത്തേ ഉണ്ടാരുന്നേൽ ഈ അടി മുഴുവനും വാങ്ങണ്ടായിരുന്നു. അപ്പുനെ എല്ലാവരും മറന്നെങ്കിലും ഓർത്തെടുക്കാൻ വല്യവിഷമം ഉണ്ടായില്ല. അന്നത്തെ ക്രിസ്മസ് കൂട്ടുകാരൻ നല്ലൊരു കാർഡും കുറെ അടിയും ചൂരലിനു വാങ്ങിത്തന്നു. പിന്നീട് അവൻ കാർഡ് അയച്ചിട്ടില്ല. അവന് അയയ്ക്കാൻ എന്റെ കയ്യിൽ അഡ്രസും ഇല്ല. തിരക്കുകളിൽ എപ്പോഴോ വീണ്ടും അവൻ മറവിയിലേക്കു താഴ്ന്നുപോയി. പിന്നെ പുറത്തു വരുന്നത് ഇപ്പോഴാണ്. എന്തിനാണ് അവൻ അഡ്രസ് ഒന്നും ഇല്ലാതെ കാർഡ് അയച്ചത് എന്ന് എനിക്ക് ഇപ്പോഴും മനസ്സിലായിട്ടില്ല. എനിക്ക് അടി വാങ്ങിത്തരാൻ വേണ്ടിയോ? എന്തായാലും അവനെക്കുറിച്ച് ഒരു കഥ എഴുതിയാലോ എന്ന് ആലോചിച്ചു മുറിക്കു പുറത്ത് വന്നപ്പോഴേക്കും അമ്മ എത്തി.

"ആ ഇപ്പോൾ എന്തായി? അച്ഛന്റെ മോൾ എല്ലാം നിരത്തിയിട്ടിട്ട് എങ്ങോട്ട് പോവാ?"

"ഒരു കഥ എഴുതാൻ എന്തേ?"

"ഹാ എഴുത്തും വായനയുമല്ലാണ്ട് വേറേ പണിയൊന്നും ഇല്ലല്ലോ, ഞാൻ തെക്കുവീട്ടിൽ പോയിവരുമ്പോൾ അതെല്ലാം എടുത്തുവച്ച് മുറി അടിച്ചുവാരി ഇട്ടേക്കണം. ഇല്ലേ ഇനി നല്ല അടി തരും. ചൂരൽ ഇവിടെ കാണാൻ വെച്ചേക്കുവല്ല."

അമ്മ പോയപ്പോഴേക്കും ഞാൻ നോക്കിയത് ഭിത്തിയിൽ വെച്ചേക്കുന്ന ചൂരലിലേക്കാണ്. ഇത്, അതുതന്നെയാണോ ഭഗവാനേ. സൂക്ഷിച്ചു നോക്കിയപ്പോൾ ചൂരൽ ഒന്നു ചിരിച്ചോ!

"ഞാൻതന്നെയാ നീ കൂടുതൽ നോക്കണ്ടാ" എന്നു പറഞ്ഞോ എന്തോ....

കഥയൊക്കെ വിട്ട് ഞാനേതായാലും വൃത്തിയാക്കാൻ പോയി. പണ്ട് ഓടിയ നാല് റൗണ്ടും കിട്ടിയ അടിയും... ഹോ ഓർക്കാൻ വയ്യ....

# തോൽക്കുന്നവന്റെ ചിരി





Aruna P.R
II[nd] B.Sc Physics

മഞ്ഞുവീണ മൺപാതയിലൂടെ നടന്നുകയറുമ്പോൾ ത്രേസ്യാമ്മയുടെ മനസ്സിൽ ഈശോ നിറഞ്ഞുനിന്നു. വൃക്ഷലതാദികൾപോലും വിറയാർന്നു നിൽക്കുന്ന സമയം. ശ്വാസംമുട്ടൽ കൂടെപ്പിറപ്പാണെങ്കിലും അതൊന്നും പ്രശ്നമാക്കാതെയാണ് മഞ്ഞിലൂടെയുള്ള അവരുടെ നടത്തം.

തന്നെക്കാൾ ചെറുപ്പമുള്ള സ്ത്രീയെ വിവാഹം ചെയ്യാൻ വിവാഹമോചനം ചെയ്ത ഭർത്താവിലും, ഉപേക്ഷിച്ചുപോയ മക്കളിലും തളരാത്ത മനസ്സ്... മനഃശക്തി ശരീരത്തിനു ശക്തിയേകുമ്പോൾ ഈശോയുടെ കരങ്ങൾ അവരിലൊരു ഊർജപ്രവാഹവും...

പതിവു സമയം... സ്ഥിരം മാർഗം...

പള്ളിയുടെ അകത്തളങ്ങളിൽ ഇരിക്കുമ്പോൾ മനസ്സ് ശാന്തമാണ്. തിരിച്ചുള്ള ഇറക്കത്തിൽ ആ ശാന്തിയും ഇറങ്ങുന്നതുവരെ മാത്രം...

ഇരുണ്ട വഴികൾ തികച്ചും അപരിചിതമാവുമ്പോൾ ശൂന്യത നിഴലിക്കുന്നു.

"അയ്യോ...!"

പിടലി വെട്ടിത്തിരിക്കുമ്പോൾ കഴുത്തിലൊരു നീറ്റൽ. മഞ്ഞകലുന്ന വഴിയേ ബൈക്ക് അകലുന്നതു അവ്യക്തമാണെങ്കിലും ത്രേസ്യാമ്മ കണ്ടിരുന്നു.

പെട്ടെന്നൊരു ഞെട്ടലായിരുന്നു അതവർക്ക്.

"അയ്യോ; എന്റെ മാല..."

മാലയ്ക്കുവേണ്ടി ഒന്നും ചെയ്യാനില്ലാതിരുന്നതുകൊണ്ടാവണം കഴുത്തു തടവി അവർ വീട്ടിലേക്കു നടന്നത്.

മാലയുടെ ശൂന്യത കഴുത്തിന്റെ നീറ്റൽ കുറയ്ക്കുന്നു.

പ്രായത്തിന്റെ വൈകല്യങ്ങളിൽ എന്തിനുവേണ്ടി പൊരുതണം!

അല്ലെങ്കിലും അതൊരു മുക്കുപണ്ടം...!

കൂട്ടുകാരുമൊത്ത് ബൈക്കിൽ പോവുമ്പോൾ അവൻപോലുമറിയാതെയാണ് കിരൺ അവരുടെ മാല പൊട്ടിച്ചത്. മാലയിലേക്കു നോക്കുമ്പോൾ കൈകളിൽ എന്തോ കുത്തിക്കയറുന്നതുപോലെ...

മനസ്സിലെ കുറ്റബോധം രാക്ഷസനെപ്പോലെ പേടിപ്പിക്കുമ്പോൾ മറുവശത്ത് കോളജ് പ്രോഗ്രാമിന്റെ വർണപ്പകിട്ടും തികട്ടിവന്നു.

പാന്റിന്റെ പോക്കറ്റിൽ മാലയൊളിപ്പിച്ച് വീട്ടിലേക്കു കയറുമ്പോൾ അവന്റെ മനസ്സ് വീണ്ടും കുറ്റബോധത്താൽ ഒന്നുലഞ്ഞു.

"നീ വന്നോ... ഞാൻ നിന്നെ നോക്കിയിരിക്കുകയായിരുന്നു...."

ഹൃദയത്തിലേക്കൊരു മിന്നൽ പാഞ്ഞുപോകുന്നതുപോലെയായിരുന്നു അവന്.

കണ്ണുകൾ താഴ്ന്നുപോകുന്നു.

അച്ഛൻ വല്ലതും അറിഞ്ഞുവോ...!

"എടാ, ഞാൻ പറയുന്നതു വല്ലതും നീ കേൾക്കുന്നുണ്ടോ... അമ്മയെ ഡിസ്ചാർജ് ചെയ്ത് വീട്ടിൽ കൊണ്ടുവന്നിട്ട് രണ്ടു ദിവസമായില്ലേ. ലോൺ കിട്ടിയപ്പോഴേ ഞാൻ ത്രേസ്യാമ്മയുടെ മാല തിരിച്ചെടുത്തു. ഇത് നീ അവരുടെ വീട്ടിൽ കൊണ്ടുകൊടുക്ക്..."

"അവർ സഹായിച്ചിരുന്നില്ലെങ്കിൽ... ഓർമിക്കാൻ കൂടിയാവുന്നില്ല..."

കിരൺ ഒന്നും പറയാനാവാത്തവിധം തകർന്നുകഴിഞ്ഞിരുന്നു. വീടിന്റെ മേൽക്കൂര മുഴുവൻ തലയിലൊന്നായി വീഴുന്നതുപോലെ...

"മോനേ, ഇതാ നീ ചോദിച്ച പണം. നിനക്ക് കോളജിൽ എന്തോ പ്രോഗ്രാം ഉള്ളതല്ലേ..."

അവന്റെ ചിരിക്ക് ആയുസ് അധികമുണ്ടാ യിരുന്നില്ല. അതു കണ്ണുനീരായി പെയ്തിറങ്ങി.

പാന്റിന്റെ പോക്കറ്റിലെ മാലയെടുത്ത് അച്ഛനെ കാണിക്കുമ്പോൾ അവന്റെ ശിരസ്സ് നേരേ നിൽക്കുന്നുണ്ടായിരുന്നില്ല. ഭിത്തിയിൽ ഘടികാരം ചിലയ്ക്കുമ്പോൾ ചെവിയിലേക്ക് ആണി തുളഞ്ഞുകയറുന്നതുപോലെ....

കണ്ണുനീരിനുപോലും; താങ്ങാനാവാത്ത ഭാരം...

തഴമ്പിച്ച കൈകളാൽ മകന്റെ കണ്ണീർ തുടച്ചുമാറ്റുമ്പോൾ അച്ഛനെ അവൻ കൂടുതലറിഞ്ഞുകാണണം!

നിമിഷങ്ങൾ അടർന്നുവീണുകൊണ്ടേയിരുന്നു.

മായാത്ത നിഷ്കളങ്കത കണ്ണിലെവിടെയോ ചിരി വിടർത്തുമ്പോൾ അച്ഛൻ അവനെ ചേർത്തുനിർത്തി. കാർമേഘം ഉരുകിവീഴുമ്പോൾ അന്തരീക്ഷമൊന്നു തണുക്കുമല്ലോ....!






**Amala Ann Benny**
IInd BA English.

# How to be Successful...

Accuracy. Hard work. Discipline.

Everybody wants success; nobody likes to have failures in life. We are not able to control ourselves while we fail in something. Everybody wants to be successful each and every where. It is necessary to know to be successful.

Every Indian cannot be successful anywhere. Success the word which can be used in the case of hardworking people. According to dictionary: success it is accomplishment something ac-

cording to plan ya! Correct person who works according to plan and fond success anywhere else. Certain things are necessary to achieve success.

S- Sympathise with others in time of adversity.

U – Use your potential.

C – Cultivate good habits in your life and others.

C – Confidence and courage

E – Enhancing hardship

S – Social and Spiritual growth

S – Sacrifice

Life it like a book, some chapters sad, some happy and some exiting. But if you never turn the page. You will never know what the next chapter holds. There should several challenges and failure. But never ever gove up. Because success is not final, failure to not fatal. It is the courage to continue the counts. This should bein our mind while success.

Step of holder to sucess.

Accuracy. Being in the right place at right time. Time management plays an important role in the ladder of sucess,“ Time and tide wait for no man”is a well known proverb. This shows how much the time is important in our life.

Hardwork: Hardwork is essential in our life. All great personalities reached their good position due to their hardwork. Christ taught us that ” Earn your aim by your sweet. This valuable message shows the importance of hardworking. So let’s hardwork to attain sucess on the life

Discipline: Discipline comes from inside. Discipline is an important factor in life leads to sucess. So let’s be disciplined from now onwards to attain sucess in our life

Belive in yourself and anything is possible. Our positive action combined with positive thinking results in sucess. Let’s focuss on the act.... not the obstacle. Coming together is a beging keeping together is progress working together is sucess. Let’s stand together to attain sucess in our life.



**Merin Shaji**
II nd
B.A. Malayalam



# തെറ്റുകാരി

നീ തെറ്റുകാരിയാണ്
കാരണം, നീ മനുഷ്യനെ സ്നേഹിച്ചു.
നീ തെറ്റുകാരിയാണ്
കാരണം, നീ സ്നേഹിക്കപ്പെടാൻ
ആഗ്രഹിച്ചു
വീണ്ടും തെറ്റു ചെയ്തു
നിനക്കു ചുറ്റും സ്നേഹത്തിന്റെ
വലയങ്ങൾ
സൃഷ്ടിക്കപ്പെടുമെന്ന് നീ കണ്ട
സ്വപ്നങ്ങളായിരുന്നു നിന്റെ തെറ്റ്
ഈ തെറ്റിനുള്ള ശിക്ഷ നീ അനുഭവിക്കണം
ഉഗ്രമായ ഏകാന്തത നിറഞ്ഞ ദിവങ്ങളാണ്
നിനക്കുള്ള ശിക്ഷ....
വധശിക്ഷയെക്കാൾ തീവ്രമായ ഈ ശിക്ഷ
നിന്റെ തെറ്റിന്റെ ആധിക്യം വെളിവാക്കും
നീ തെറ്റുകാരിയാണ്....

# നിഴൽ സൗന്ദര്യം

**ഇടംവലം സൗഹൃദം നിറഞ്ഞ കാലമല്ല**
**ഇടംവലം ശൂന്യത നിറഞ്ഞ ഈ കാലമാണ്**
**നിന്റെ സൗന്ദര്യം തൊട്ടറിഞ്ഞത്!**

**വസന്തം വിരിഞ്ഞ പാതയോരങ്ങളിൽ**
**നിന്നുമല്ല**
**കൊഴിഞ്ഞ പൂക്കൾ ചിതറിക്കിടക്കുന്ന**
**ഇന്നിലാണ്**
**ജ്വലിക്കുന്ന ആ നിഴൽ സൗന്ദര്യം**
**ഞാൻ കണ്ടത്**
**അതേ... ഈ ഏകാന്തതയിലാണ് നിന്റെ**
**മുഖശോഭ**
**എന്റെ നയനങ്ങളെ**
**മൂടിയത്**





# ആർത്തവം



**കെസിയ ചാക്കോ**

ഒതുങ്ങിക്കൂടൽ
ആയിരുന്നു
എങ്കിലും
അവൾക്കാ ദിനങ്ങൾ
അനുഗ്രഹമായിരുന്നു...
എല്ലാം ദുരിതങ്ങളും
മറന്നു ആശ്വസിക്കാൻ,
വിശ്രമിക്കാൻ, ചിരിക്കാൻ
കഴിയുന്ന നിമിഷങ്ങൾ...
അത് അവളുടെ ഉദരത്തെ
വേദനിപ്പിച്ചു.
എങ്കിലും അതിലൊരിക്കലും
അവഗണന ഉണ്ടായിരിന്നില്ല...
അവളെ എന്തിനും
പ്രാപ്തയാക്കാനായിരുന്നു
ആ വേദനയുടെ ലക്ഷ്യം...
അവൾ അശുദ്ധയാണെങ്കിൽ
ആ ഉദരത്തിൽ ഉളവായ
നിങ്ങളും അശുദ്ധരാണ്...

# Women not Objects

GOWRI
2nd BA Tripplemain

Why is our body
Stigmatized and looked down
For all these years?

Why are we taught to
Cover up and fake
Rather than embracing ourselves?

Yes we do have stretch marks and cellulites.
But ain't that symbolize
The beautiful journey of our body?

Why don't we have
The automony over
Our own body?
And who made it
The metaphor of our dignity?

And for every time you remind
Us of that we're just women
I hope you'll really treat us as one
And not as a passive object
To be gazed upon.



# മഴത്തുള്ളി

MARY YAMIN
1st M.Sc Botany

മേഘങ്ങൾ എനിക്കെന്നും ഒരു ഹരമാണ്! മേഘങ്ങൾക്കിടയിലൂടെ പെയ്യുന്നോരോ മഴത്തുള്ളിക്കു പിന്നിലും ഒളിച്ചിരിപ്പൂ ഒരു കഥ... ആർക്കുമുന്നിലും വലിച്ചിഴയ്ക്കാത്ത ഒരുകഥ....നിൻ സ്നേഹമൊഴികളെ മൗനത്തിന്റെ ഇരുട്ടറയിലേക്കെറിഞ്ഞു തിരിഞ്ഞുനടന്നപ്പോഴും; അറിയുമായിരുന്നില്ല! പിടയുന്ന നെഞ്ചിലെ എരിയുന്ന കനലുകളിൽ വിരഹചിത്രങ്ങൾ കോറിയിടേണ്ടിവരുമെന്ന്. ഓർമ്മകൾ തോരാത്ത മഴയായ് പെയ്തിറങ്ങുമ്പോൾ ഓർക്കുമോ നീ ഈ ചെറുമഴത്തുള്ളിയെ? എൻ ഹൃദയത്തിലെ പനിനീർപ്പൂവിൽ ഒരു മഞ്ഞുതുള്ളിയായ് എന്നും നീ മാത്രം! ആരോ പാടാൻ മറന്നുപോയ പാട്ടിന്റെ അവസാനവരികളായി ഞാനും നീയും... എരിഞ്ഞുതീരുന്ന ജീവിതത്തിനിടയിലും എരിയുവാൻ മടിക്കുന്ന ഓർമ്മകൾമാത്രം ബാക്കി... ഹൃദയപുസ്തകത്തിലെ താളുകളിൽ ചിതലരിച്ച ഓർമ്മകൾ... മരവിച്ച മനസ്സുമായ് ഞാനും... തുടരുമീ എങ്ങോട്ടെന്നില്ലാത്ത യാത്ര ജീവിതത്തിൽ മരുപ്പച്ചകൾ തേടി ഞാനും യാത്ര തുടരുന്നു....

# Child labor issues And Challenges

"There can be no Keener
Revelation of a society's Soul
Than the way in which it
Treats its children."

Nelson Mandela





Fariza Yoosaf
IInd B.Sc Physics

Children are future citizens of the Nation and their adequate development is utmost priority of the country. Unfortunately, child labor engulfs children across the world, the world is home to 1.2 billon individuals aged 10-19 years. However, desprle pts menace in various forms, the data shows variation in prevalence of child labor across the Globe and the statistical figures about child labor are very alarming. There are an estimated 86 million child laborers worldwide. The 2001 national census of India estimated total numbers of child labor aged 5-14 to be at 12.6 million.



Although the constitution of India guarantees free and compulsory education to children between age of 6 to 14 and prohibits employment of children youngers than 14 in 18 hazardous occupations, child labor is still prevalent in the informed sectors of the Indian economy.

Child labor violates human rights, and is in contravention of the International labor organization. About one-third of children of the developing world are failing to complete even 4 years of education.

India population has more than 17.5 million working children in different industries, and incidentally maximum an in agricultural sectors, lather industry, mining and match-making industries, etc…

The term "child labor" is often as world that deprives children of their childhood, their potential and their dignity, and that is harmful to physical-mental development. It refers to work that is mentally, physically, socially, or morally dangerous and harmful to children, and interferes with their schooling by depriving them of the opportunity to attend school, obliging them o leave school prematurely or requiring them to attempt to combine school attendance with excessively long and heavy work. The statistical about child workers in the world have variation because of the differences in defining categories of age group and engagement of child in formal and informal sector.



Child labor continues to be a great concern in many parts of the world. In 2008, some 6% of the 215 million boys and girls were estimated to be child labors worldwide. Major engagement was

in agricultural sector, followed by fisheries, agriculture, livestock and forestry. In addition to work that interferes with schooling and its harmful to personal development, many of these children work in hazardous occupations activities that are harmful.



Incidentally, 96% of the child workers are in the developing countries of Africa, Asia and South America, With respect to the child workers between the ages of 5 and 14. Asia makes up 61% of child workers in developing countries, while Africa has 02% and Latin America 7%. Further, while Asia has the highest number of child workers, Africa has the highest prevalence of child labor (40%).

The policy curbing labor exists but lack of enfor cement of labor restrictions perpetuated child labor.  This is manifested in variation in minimum age restriction in different types of employment.  The international labor office reports that children work the longest hours and are the worst paid of all labors, In India, the child labor act 1986 and Kerala state that no child shall be employed or permitted to work in any of the occupations set forth in part A of the schedule or in any workshop where in any of the propellers set forth in part B of the schedule is carried on. For this purpose, "child" means a person who prohibits employment of children in certain specified hazardous occupations and processes and regulates the working conditions in others. The list of hazardous occupations and processes in progressively being expanded on the recommendation of the child labor Technical Advisory committee constituted under the Act.




Poverty is one of the important factors for this problem. Hence, enforcement alone cannot help solve it. The Government has been laying a lot of emphasis on the rehabilitation of these children and on improving the economic conditions of their families.

Many NDOs like CARE India, Child Rights and You, Global March Against child labor etc…. Have been working to eradicate child labor in India. The child labor can be stopped when knowledge is translated into legislation and action, moving good intention and ideas in to protecting the health of the children. The endurance of young children is higher and they cannot protect against discrimination. Focusing on grass roots strategies to mobilize communities against child labor and reintegration of child workers into their homes and schools has proven crucial to breaking the cycle of child labor. A multidisciplinary approach involving specialists with medical, psychological and socio anthropological level is needed to cuib this evil.



It is in this context that we have to take a relooli at the land mark passing of the Right of children to free and compulsory education (TTE) Act 2009. This marks a historic moment for the children of India.  For the first time in India's history, children will be guaranteed their right to quality elementary education by the state with the help of families and communities. The world cannot reach its goal to have every child complete primary school by 2015 without India. Although theses have been significant improvements in the proportion of child from socially disadvantage groups in school gaps still remain. Girls are still less likely to enroll in school than boys;  in 2005, for upper primary school (grades 6-8) girls enrollment was still 8.8 points lower than boy's, for scheduled tribes the gender gap was 12.6 point and it was 16 points for schedules caters. RIE provides a life platform to reach the unreached, with specific provisions for disadvantaged groups such as child labors, migrant children, children with special need, or those who have a "disadvantage owing to social, cultural, economical, geographical, linguistic gender or such other factors." Bringing 8million out of school Children in to class at the age-appropriate level with the support to stay in school and succeed poses a major challenge. Substantial efforts are essential dispaiters and ensure quality with equity. Successful implementation of the act would certainly go a long way in eradicating child labor in India.



GAUTAMI.
II[nd] B.com
Taxation

# Pursuit

When you've lost your way
And the faults that you blame
Are all in vain
On the way to gain
Your fault becomes treckles
As your mind, it still fickles
What to do, what not to do
Who's to tell what we ought to do
Those day, morrow of the day after
When we figure out what we are after
The dubiety and frivolity
The intoxicity we chase,
Some leave us craving
some leave us dead.
The ones they don't mention
is the distress and the dread.
But when we get there
Oh, when we get there,
The triumph and the pride
That gleams in our mind
Like the stars in the night
That leads you right.

# Treasure

Far far he walked
for longer than he thought
Farther in search of something
what he thought was missing
He passed through many lands
through deserts plains and grasslands
He traveled all through day and night
untill his head screamed 'rest before I faint'
He took a nap and has a dream
where he saw the bank of a stream
Overlooking a tomb of Pharoah
which looked nothing less than hollow
He walked to it expecting
the thing he thought was missing
Blinded by the treasure
he thought would bring him pleasure
He walked farther and farther
and a little more farther
Blinded from the truth
provoked by the look
The trail that led down the tomb
hypnotized, he followed
But as soon as he reached the tomb
reality hit him hard and full
The treasure as expected
it awaited
As brown as the soil and bark
it stood still there in the dark
Curiosity led the path
Anxiety held his hand
on opening all he felt was calm
The thing he thought was missing
he still remained wishing
The thing he found inside the box
was a big old mirror
And what he found in the mirror
was an anxiously looking wanderer
Startled he woke up
from the slumber
And realization wrapped like a blanket
He realized where the true treasure is
it is there where his heart lies
Satisfied, with no more greed
he led his life like it was a treat.



# മൗനം



**അമലാ ബോസ്**
II[nd] M.Sc Mathematics

മൗനമായ് പെയ്തൊഴിഞ്ഞതീ രാവിൽ
ആരുമറിയാ മഴയായ് പെയ്തൊഴിഞ്ഞു
കനവുകളും നിനവുകളും
മായക്കാഴ്ചകളുമായി മനമിന്ന്,
ഏതോ മേഘത്തേരിലേറി അലയുന്നു
ഇനിയും മഴയായ് പെയ്തൊഴിയും.
ശാന്തമായി... ചിലപ്പോൾ ക്ഷുഭിതയായി
എങ്ങനെയെന്നോ എപ്പോഴെന്നോ അറിയില്ല
അവളുടെ ഭാവങ്ങൾ മഴയും പകർന്നാടി.
അവൾ മഴയായ്, അവൻ ഭൂമിയും
പ്രണയമഴയായി, അവൾ അവനിലലിഞ്ഞു.
ആടിയഴിഞ്ഞ മുടിയിഴകൾ അവനെ വാരിപ്പുണർന്നു.
പെയ്തിറങ്ങിയ പ്രണയതാണ്ഡവത്തിൽ
ഭൂമിയും വീശിയ കാറ്റിൻ തഴുകലിൽ
പ്രണയച്ചൂടിൻ കിതപ്പും വിയർപ്പുമകന്നു.
അവളും അവശയായി...
ഭൂമിതൻ മാറിൽ അവളണഞ്ഞു.
ആരും കാണാക്കനവുകൾ
അവിടെ പെയ്തൊഴിയുകയായ്

Gourinandana N. V

# Two worlds



I am a hearing daughter who loves to hear the lovely voices of my parents telling me “We love you”.

I am a hearing granddaughter who loves to hear my grandparents telling me bed-time stories.

I am a hearing sister who loves to hear my younger ones and to guide them.

I am a hearing friend who loves to hear my friends telling me many jokes.

I am a hearing student who loves to hear my teacher telling me advices.

I am a hearing patient who loves to hear my doctor telling me the progress of my disease.
But also,

I am a deaf daughter who Loves to feel the silent tenderness of my parents.

I am a deaf granddaughter who loves to feel the silent kisses of my grandparents.

I am a deaf sister who loves the caring of my younger ones.

I am a deaf friend who loves to talk by writing on a paper and using gestures.

I am deaf student who tries to understand things from teacher’s face.

I am a deaf patient who was happy when my doctor said ‘’you will be okay” using a thumbs up sign before my last surgery. His assurance that made me hear now.

It’s my Cochlear implant that makes me to live in two worlds; hearing and deaf.



# ഉയിര്

**ജിതിൻ ദേവ് ആർ.**
Ist B.Sc Physics

പ്ലസ് ടു കഴിഞ്ഞു ബി.എസ്.സി എടുത്ത ഞാൻ അതുകഴിഞ്ഞു മലയാളം എം.എയ്ക്കു പോയതിന്റെ കാരണം തേടി പലരുമെന്റെ അടുത്തെത്താറുണ്ട്. മാറുന്ന ഈ കാലത്തു മലയാളംകൊണ്ടെന്തു പ്രയോജനം എന്നാണവരുടെയെല്ലാം പരിദേവനം. അവനിഷ്ടമുള്ളതു പഠിക്കട്ടെ. എന്നു വീട്ടുകാർ പറഞ്ഞതുകൊണ്ട് അവിടെയെനിക്കു കാരണം ബോധിപ്പിക്കേണ്ടി വന്നില്ല. സത്യത്തിൽ ശാസ്ത്രമെനിക്ക് അത്ര പ്രയാസമുള്ള വിഷയമായിരുന്നില്ല. മറിച്ച്, ഞാനതിനെ വല്ലാതെ സ്നേഹിച്ചിരുന്നു. ഈ ലോകത്തിന്റെ സ്പന്ദനം തേടിയാണ് മലയാളത്തിലേക്കു വഴിമാറിയൊഴുകിയത്. ആ ഒഴുക്ക് ഒരു വെള്ളച്ചാട്ടമായി ആത്മാവിന്റെ ഉള്ളറയിലേക്ക് ആർത്തലച്ചുവീണു ചിന്നിച്ചിതറുകയായിരുന്നു. അതിനരികെ ഒരു മഴവില്ലായി അവളും. ചുണ്ടിലും മിഴിനീരിലും മഴവില്ലൊളിപ്പിച്ച ആ പെൺകൊടി ഇന്നു മാഞ്ഞുപോയെങ്കിലും എന്നുള്ളിൽ മഴവില്ലായി തെളിഞ്ഞുനിൽക്കുന്നു.

ഒട്ടും പ്രതീക്ഷിക്കാതിരുന്നൊരു നിമിഷത്തിൽ യദൃശ്ചയാ കണ്ടുമുട്ടിയതാണു ഞാനവളെ. കാറ്റിനോടു കിന്നാരം പറയുന്ന മുടിയിഴകളും കരിംകൂവളം തോൽക്കുന്ന കൺമണികളുമുള്ള ചുണ്ടിൽ മായാത്ത പുഞ്ചിരിയും നാവിൽ തേനൊളിപ്പിച്ച ഒരു പെൺകുട്ടി. കോളജ് കലോത്സവത്തിന്റെയന്നായിരുന്നു ആ കണ്ടുമുട്ടൽ. കോൽകളിയിൽനിന്നും ദഫ്മുട്ടിൽനിന്നുമൊക്കെ രക്ഷപ്പെടാൻ ഞാൻ കണ്ടെത്തിയ ഒരുപായമായിരുന്നു എഴുത്തുമത്സരങ്ങൾ. അതിലൊരു മത്സരത്തിലാണ് ഞാനവളെ ആദ്യമായി കാണുന്നതും പരിചയപ്പെടുന്നതും. സ്വർഗ്ഗത്തിൽനിന്നുതിർന്നുവീണ അപ്സരസായിരുന്നില്ലെങ്കിലും അവളെനിക്കെന്റെ കൊച്ചുമാലാഖതന്നെയായിരുന്നു. മധുരവാണിയെന്ന പേര് ആദ്യം കേട്ടപ്പോൾ ഞാനുമൊന്നമ്പരന്നതാണ്.

ചിരപരിചയത്താലാണെന്നുതോന്നുന്നു, ചോദിക്കാതെതന്നെ അവൾ മറുപടി പറഞ്ഞു. എന്റച്ഛൻ ഒരു ഭാഷാധ്യാപകനാണ് അതാണീ പേര്. പക്ഷേ, എല്ലാവരുമെന്നെ മാതു എന്നാണു വിളിക്കാറ്. നിനക്കുമെന്നെയങ്ങനെ വിളിക്കാം. എനിക്കതു കേട്ടപ്പോൾ രസമായി. ഒപ്പം സങ്കടവും ഭാഷാപാരമ്പര്യമുള്ള വീട്ടിലെ കുട്ടിയാണ്. ഒന്നാം സ്ഥാനം ഇവൾതന്നെ കൊണ്ടുപോകും!

പക്ഷേ, അതുണ്ടായില്ല. മാതുവിന് ഒന്നും കിട്ടിയില്ല, എനിക്കും. എന്നിരുന്നാലും ഞാൻ സന്തോഷവാനായിരുന്നു അവളെപ്പോലൊരു കൂട്ട് ഞാൻ പണ്ടുമുതലേ ആഗ്രഹിച്ചിരുന്നതാണ്. ക്ലാസുകൾക്കിടയിലെ ഓരോ ഇടവേളകളിലും ഞങ്ങൾ മരച്ചോട്ടിലിരുന്ന് കുശലം പറഞ്ഞു, കൈകൾ കോർത്തു നടന്നു.

ഞങ്ങൾ ഞങ്ങളുടെതായൊരു ലോകം കെട്ടിപ്പടുക്കുകയായിരുന്നു. എനിക്കറിയാത്ത പലതും അവളെന്നെ പഠിപ്പിച്ചു. ഞാനവൾക്കെന്നും ഒരു വിദ്യാർത്ഥിയായിരുന്നു. മലയാളംതന്നെയായിരുന്നു ഞങ്ങളുടെ മേഖല. ശാസ്ത്രം അവൾക്കിഷ്ടമല്ലായിരുന്നു. ഭൂഗോളത്തിന്റെ സ്പന്ദനത്തെക്കാൾ വാക്കുകളുടെ മാന്ത്രികതയായിരുന്നു അവളെ വശീകരിച്ചിരുന്നത്. കനക്കുക – കനയ്ക്കുക, മടക്കുക – മടയ്ക്കുക (അധികമായി ജോലി ചെയ്യുക എന്നു പിന്നീടാണ് ഞാനറിഞ്ഞത്.) തടവുക, തടയുക അങ്ങനെ പല രസകരമായ വാക്കുകളുടെ കൂട്ടത്തെ അവളെനിക്കു കാട്ടിത്തന്നു. ഒപ്പം, അവളുടേതായ ചില വാക്കുകളും ചിലപ്പോഴൊക്കെ അവളെനിക്കുമുമ്പിൽ വിളമ്പി. അത്തരമൊന്നായിരുന്നു പിങ്ങതി എന്നൊരു വാക്ക്. സംഭാഷണത്തിനിടയ്ക്ക് എവിടെയോ വെച്ചാണ് അവളാ സ്വയംകൃതമായ വാക്കു പ്രയോഗിച്ചത്.

"എന്താണീ പിങ്ങതി"? ഞാൻ ചോദിച്ചു

"പറയാമല്ലോ, ഒരു സുന്ദരമായ ചിരിയോടെ അവൾ പറഞ്ഞുതന്നു. സംഗതി ഇത്രയേയുള്ളൂ, നമ്മൾ ബസിലൊക്കെ യാത്ര ചെയ്യുമ്പോൾ മരങ്ങളും മറ്റെല്ലാം പുറകോട്ടു പോകുന്നതായി തോന്നാറില്ലേ? അതാണ് അവൾ പേരിടീൽകർമ്മം നടത്തിയ പിങ്ങതി. പിന്നോട്ടുള്ള ഗതിതന്നെ പിൻഗതി. പിന്നെ കൂട്ടിന് അനുനാസികാതിപ്രസരവും. ഞാനവയെല്ലാം ആസ്വദിക്കുകയായിരുന്നു. അവൾ പറയുന്നതിത്രമാത്രമല്ല, അവളെയും. അങ്ങനെ മധുരവാണീസംഗമംകൊണ്ട് എന്റെ നിഘണ്ടുവിൽ കയറിപ്പറ്റിയ വാക്കുകൾ അനവധിയുണ്ട്.

പക്ഷേ, സുന്ദരമായതൊന്നും അധികകാലമുണ്ടാവില്ലെന്ന കവിവചനം ഇവിടെയും പ്രവർത്തിച്ചു. കരിംകൂവളപ്പൂക്കൾ പോലുള്ള കൃഷ്ണമണികളുടെ ഉടമയായ ആ പെൺകിടാവ് പെട്ടെന്നുതന്നെ എന്നിൽനിന്നു പറന്നകന്നു. അതും കാരണമിതുവരെയും എനിക്കു കണ്ടുപിടിക്കാനായിട്ടില്ല.

എന്റെ മടിയിൽ തലവച്ചുകിടക്കുക എന്നതവൾക്കൊരു സ്ഥിരം ഏർപ്പാടായിരുന്നു. അങ്ങനെ ഒരു ദിവസം കിടക്കുമ്പോഴാണ് ഞാനവളോടു പറഞ്ഞത്, നീയിങ്ങനെ പുതിയ വാക്കുകളുണ്ടാക്കി നടന്നാൽ ബാക്കിയുള്ളോർക്കെങ്ങനെ മനസ്സിലാകും? വെറുതേയല്ല പെണ്ണ് എഴുത്തുമത്സരത്തിനൊന്നും വിജയിക്കാത്തത്. "പോടാ, അതിനന്താ ഒരു കുഴപ്പം. മൂക്ക് ചിണുങ്ങിക്കൊവൾ ചോദിച്ചു. (അവൾക്ക് സ്വതവേയുള്ള ഒരു കഴിവാണ് ഈ മൂക്ക് ചിണുക്കുക എന്നത്. കണ്ടാൽ ചിരിവരും. ഒപ്പം ഞാൻ കെട്ടിപ്പെടുത്ത ഗൗരവമെല്ലാം അതിലേക്കു തകർന്നടിയും) അല്പനേരത്തെ മൗനത്തിനുശേഷം അവൾ തുടർന്നു. "ഈ ആൺപിള്ളേക്കൊരു വിചാരമുണ്ട് ഒരു പെണ്ണുവന്നടുത്താൽ പ്രണയമാണെന്ന്."

"അതുകൊണ്ട്?"

"അതുകൊണ്ട് ഒന്നുമില്ല" അവളെന്നെനോക്കി കണ്ണിറുക്കി പിന്നെ ആത്മഗതംപോലെ പറഞ്ഞു: "എന്റെയടുത്തീ വേലയൊന്നും വേണ്ട കേട്ടോ...." അവൾ പറഞ്ഞതെന്തെന്ന് എനിക്കു സ്പഷ്ടമായിരുന്നു. എന്റെ താത്പര്യമെന്തെന്നവൾ മനസ്സിലാക്കിയിരിക്കുന്നു. എനിക്കു ലജ്ജതോന്നി. ആ ഭാവം കണ്ടിട്ടെന്നോണം അവളൊന്നും മിണ്ടാതെ എണീറ്റുപോയി. സാധാരണ അത്തരം സന്ദർഭങ്ങളിൽ മാതൂ എന്നു ഞാൻ വിളിച്ചു കൊഞ്ചിക്കാറുള്ളതായിരുന്നു. അന്നെന്തോ ഞാൻ വിളിച്ചില്ല. അവൾ നടന്നകന്നു, ഞാനും.

അതിനുശേഷം ഞാനവളെത്തേടി പോയതുമില്ല. അവളെന്നെത്തേടി വരുമെന്നു കരുതി. പക്ഷേ, എന്നെ അദ്ഭുതപ്പെടുത്തിക്കൊണ്ട് അവൾ വന്നില്ല. സങ്കടവും ദേഷ്യവും ഇടകലർന്ന് അതൊരു വാശിയായി പടർന്നുപന്തലിച്ചു. ഞങ്ങൾ രണ്ടുപേരും പിന്നെ പരസ്പരം കണ്ടുമുട്ടിയില്ല. ഞങ്ങളറിയാതെതന്നെ അപരിചിതരായി മാറി. ഞാനോ ഹൃദയത്തെ സ്വയം നുള്ളിക്കൊണ്ട് ഓരോ കണ്ടുമുട്ടലിനെയും അവഗണിച്ചുകൊണ്ടിരുന്നു. പക്ഷേ, ഒരു ദിവസം എനിക്കു താങ്ങാനായില്ല. അവൾ ബസ് കാത്തു നിൽക്കുന്നിടത്തേക്ക് ഒരു വൈകുന്നേരം ഞാൻ പാഞ്ഞു. അവൾക്കു പകരം എന്നെയവിടെയെതിരേറ്റ ആൾക്കൂട്ടം എന്റെ നെഞ്ചിടിപ്പുകൂട്ടി. സിനിമാക്കഥകൾ കണ്ടുകണ്ടു ശീലിച്ച എന്റെ ഹൃദയത്തിന് എന്താണു സംഭവമെന്നൂഹിക്കാൻ പ്രയാസമേതുമുണ്ടായിരുന്നില്ല. പ്രണയിതാവിന്റെ സ്ഥിതിയറിയാൻ നേരിൽ കാണേണ്ടതില്ലെന്ന് ആശാനും പറഞ്ഞിട്ടുണ്ടല്ലോ. ആ ആൾക്കൂട്ടത്തിനുള്ളിലേക്കിരച്ചെത്തിയ എന്നെ കാത്തിരുന്നത് മാതുവിന്റെ ചേതനയറ്റ ശരീരമായിരുന്നു. ഒന്നു വാരിയെടുക്കുവാൻപോലുമാകാതെ ഞാൻ നിശ്ചലനായി നിന്നതേയുള്ളൂ. അവൾ എന്റെ സാമിപ്യമറിഞ്ഞിട്ടുണ്ടോ ആവോ?

# ഇരുട്ടിന്റെ വെളിച്ചം

**ANITHA ABRAHAM**
IInd B.A. Tripplemain

